

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2017 ജൂൺ

Volume VIII Issue 06



Times of America Online Monthly News Journal.
web:**mytimesofamerica.com**



Tel: 267-991-2111
e-mail:**timesofamerica@yahoo.com**





## പാരീസ് കാലാവസ്ഥ ഉടമ്പടിയിൽ നിന്നും രാജ്യം പിൻമാറുമെന്ന് സൂചന



*വാഷിംഗ്ടൺ:* കാലാവസ്ഥ വ്യതിയാനത്തെ നേരിടാനുള്ള പാരീസ് കാലാവസ്ഥ ഉടമ്പടിയിൽനിന്നും പിന്മാറിയേക്കുമെന്ന് സൂചന. വൈറ്റ് ഹൗസ് വൃത്തങ്ങളെ ഉദ്ധരിച്ച് മാധ്യമങ്ങളാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഔദ്യോഗിക സ്ഥിരീകരണം ഉടൻ ഉണ്ടാവുമെന്നാണ് കരുതുന്നത്. ഏറ്റവും കൂടുതൽ കാർബൺ വാതകങ്ങൾ പുറന്തള്ളുന്ന രണ്ടാമത്തെ രാജ്യമാണ് അമേരിക്ക. മലിനീകരണത്തിന്റെ പേരിൽ രാജ്യത്തുനിന്നു വൻതുക ഈടാക്കാനുള്ള ഉടമ്പടിയിലെ വ്യവസ്ഥകൾക്കെതിരെ ട്രംപ് രംഗത്തെത്തിയിരുന്നു. ഉടമ്പടി നടപ്പാക്കുന്നത് അമേരിക്കൻ സമ്പദ് വ്യവസ്ഥയ്ക്ക് കനത്ത ആഘാതമാകുമെന്നും അമേരിക്കയുടെ അത്രതന്നെ മലിനീകരണമുണ്ടാക്കുന്ന ഇന്ത്യ, ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളെ ഉടമ്പടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും ട്രംപ് ചൂണ്ടിക്കാട്ടിയിരുന്നു.

മലിനീകരണം ഉണ്ടാകുന്നുവെന്ന് പറഞ്ഞ് കോടിക്കണക്കിന് ഡോളർ ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്ന ഉടമ്പടി, രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിക്കുമെന്ന നിലപാടിൽ ഉറച്ചുനിൽക്കുകയാണ് പ്രസിഡന്റ്.

അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിന് കാർബൺ പുറന്തള്ളൽ കുറയ്ക്കാനുള്ള 2015ലെ പാരീസ് ഉടമ്പടിയെ പിന്തുണയ്ക്കണമെന്നു ജി 7ലെ മറ്റു രാജ്യങ്ങൾ യു.എസിനുമേൽ സമർദ്ദം ചെലുത്തിയിരുന്നു. ഉടമ്പടിയിൽനിന്നും പിൻമാറുമെന്ന നിലപാടിൽ ട്രംപ് ഉറച്ചുനിൽക്കുകയാണ്.

## ദുരിതത്തിനു കാരണം ഇസ്രായേൽ ഗവൺമെന്റെന്ന് യു.എൻ



*ജറുസലേം:* പാലസ്തീനികൾ അനുഭവിക്കുന്ന ദുരിതങ്ങളുടെ ഉത്തരവാദികൾ ഇസ്രായേൽ സർക്കാരാണെന്ന് ഐക്യരാഷ്ട്രസഭ. വെസ്റ്റ് ബാങ്കിലെയും ഗസ്സായിലെയും ജനങ്ങളുടെ പ്രയാസങ്ങളുടെ കാരണം ഇസ്രായേലിന്റെ കുടിയേറ്റ നയങ്ങളാണ്. അടിസ്ഥാന സുരക്ഷപോലും ഈ പ്രദേശങ്ങളിലെ പലസ്തീനികൾക്ക് ലഭിക്കുന്നില്ല എന്ന് യു.എന്നിന്റെ ഹ്യൂമാനിറ്റേറിയൻ അഫേഴ്സ് വിഭാഗത്തിന്റെ റിപ്പോർട്ടിൽ പറയുന്നു. വെസ്റ്റ് ബാങ്കിലെ മഹ്മൂദ് അബ്ബാസിന്റെ സർക്കാരും ഗസ്സായിലെ ഹമാസ് നിയന്ത്രണത്തിലുള്ള സർക്കാരും തമ്മിലുള്ള ഭിന്നതയും രക്ഷാപ്രവർത്തനത്തെ ബാധിക്കുന്നതായി റിപ്പോർട്ട് നിരീക്ഷിക്കുന്നു.

## ജർമ്മനിയുമായുള്ള ബന്ധത്തിന് വിള്ളൽ



*ബർലിൻ:* യു.എസ്.പ്രസിഡന്റ് ഡോണാൾഡ് ട്രംപും ജർമ്മൻ ചാൻസലർ ഗലാ മെർക്കലും തമ്മിലുള്ള വാക്പോര് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തെ ബാധിക്കുന്നതായി റിപ്പോർട്ട്.

കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച് പാരീസ് ഉടമ്പടിയെ പിന്തുണയ്ക്കില്ലെന്ന ട്രംപിന്റെ നിലപാടിനെ തുടർന്നാണ് മെർക്കൽ പ്രതികരണവുമായി രംഗത്തെത്തിയത്. ട്രംപ് പടിഞ്ഞാറൻ മൂല്യങ്ങളെ തകർക്കുകയാണെന്ന പ്രസ്താവനയുമായി ജർമൻ വിദേശകാര്യമന്ത്രി സിഗമാർ രംഗത്തുവന്നതോടെ കാര്യങ്ങൾ കൂടുതൽ വഷളായി.

## 23,000 പേർ നിരീക്ഷണത്തിൽ



*ലണ്ടൻ:* തീവ്രവാദപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 23,000 പേർ നിരീക്ഷണത്തിലാണെന്ന് ലണ്ടൻ റിപ്പോർട്ട്.

മാഞ്ചസ്റ്ററിൽ ചാവേറാക്രമണത്തിൽ 22 പേർ കൊല്ലപ്പെടുകയും 19 പേർക്ക് പരിക്കേൽക്കുകയും ചെയ്തതിനു ശേഷം രാജ്യത്ത് ഭീകരവാദ ഭീഷണി ഉയർന്നിരിക്കുകയാണ്.

ആക്രമണം നടത്തിയ ലിബിയൻ സ്വദേശി സാൽമാൻ അബേദി ബ്രിട്ടീഷ് രഹസ്യാന്വേഷണ ഭീകരവിരുദ്ധ ഏജൻസിയായ മിലട്ടറി ഇന്റലിജൻസിന്റെ നിരീക്ഷണത്തിലാണെന്ന റിപ്പോർട്ട് വന്നതോടെയാണ് ഭീകരവാദപ്രവണതയുള്ള 23000 പേർ രാജ്യത്തുണ്ടെന്നുള്ള വിവരം സർക്കാർ പുറത്തുവിട്ടത്.

## ഭൂഖണ്ഡാനന്തര പ്രതിരോധ സംവിധാനം വിജയകരം

*വാഷിംഗ്ടൺ:* ഭൂഖണ്ഡാനന്തര മിസൈൽ പ്രതിരോധ സംവിധാന പരീക്ഷണം വിജയിച്ചതായി സൈനിക വൃത്തങ്ങൾ.

ഉത്തര കൊറിയയുടെ മിസൈൽ പരീക്ഷണങ്ങൾ അമേരിക്കയിൽ ആശങ്ക പരത്തിയ സാഹചര്യത്തിലാണ് പരീക്ഷണം നടത്തിയതെന്നാണ് റിപ്പോർട്ട്.


GLOBAL TRAVEL EXPERTS

*Our expertise, your benefits*






REJI PHILIP

9823 Bustleton Ave
Philadelphia, PA 19115
Email: info@GTEtravels.com
www.GTEtravels.com

New York (516) 321-4200 | New Jersey (732) 853-8900 | Philadelphia (215) 464-8253 | Toll Free (855) 363-5848

# ഐക്യവും ജനാധിപത്യവും മുറിപ്പെട്ടു: യെച്ചൂരി



*ന്യൂഡൽഹി:* നരേന്ദ്ര മോദി സർക്കാരിന്റെ മൂന്നുവർഷത്തെ ഭരണത്തോടെ രാജ്യത്തിന്റെ ഐക്യവും ജനാധിപത്യവും മുറിപ്പെട്ടുവെന്ന് സി.പി.എം.

ജനാധിപത്യ സ്ഥാപനങ്ങളെ വർഗീയ പ്രവർത്തനങ്ങളിലൂടെ തകർക്കുകയും വിദേശനയം സാമ്രാജ്യത്വത്തിന് കീഴ്പ്പെടുത്തിയെന്നും ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി പറഞ്ഞു.

നരേന്ദ്ര മോദി സർക്കാരിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് മൂന്നുവർഷം; ആഹാരവുമില്ല, ധാന്യവുമില്ല- നൂറോളം ചോദ്യങ്ങൾ എന്ന ലഘുലേഖ പി.ബി. അംഗങ്ങളായ വൃന്ദാ കാരാട്ട്, എം.എ.ബേബി എന്നിവർക്കൊപ്പം പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അഴിമതി രഹിതമെന്ന് അവകാശപ്പെടുന്നതെങ്കിലും കോർപറേറ്റുകൾ രാഷ്ട്രീയ പാർട്ടികൾക്ക് ഫണ്ട് നൽകുന്ന വിഷയത്തിൽ സർക്കാർ നിലപാട് എന്താണെന്ന് എല്ലാവർക്കും അറിയാം. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പി. ചെലവഴിച്ച തുക കണ്ടതാണ്. അഴിമതിയും ചങ്ങാത്ത മുതലാളിത്തവും അതിന്റെ ഉച്ചാവസ്ഥയിലെത്തി. എയർ ഇന്ത്യ സ്വകാര്യവത്കരിക്കണമെന്നാണ് നീതി ആയോഗ് ശിപാർശ ചെയ്തിരിക്കുന്നത്.

പശു സംരക്ഷകർ നിയമം സ്വന്തം കൈകളിൽ എടുക്കുകയാണ്. കുറ്റക്കാരെന്ന് അവർ തന്നെ കണ്ടെത്തി ശിക്ഷ വിധിക്കുന്നു. എന്തു ഭക്ഷിക്കണം, എന്ത് വസ്ത്രം ധരിക്കണം, ആരോട് സ്വതന്ത്രമായി ഇടപെടണം എന്ന് മോറൽ പോലീസ് യുപിയിലും ശ്രീരാമസേവകർ കർണാടകയിലും തീരുമാനിക്കുന്നു. ഭരണത്തിലേറിയപ്പോൾ നൽകിയ എല്ലാ വാഗ്ദാനങ്ങളും ലംഘിച്ചിരിക്കുന്നു. വർഗീയ ധ്രുവീകരണങ്ങളിലൂടെ ജനാധിപത്യത്തെ അട്ടിമറിക്കുന്ന ആർ.എസ്.എസ്സാണ് സർക്കാരിന്റെ യഥാർത്ഥ അജണ്ട തീരുമാനിക്കുന്നത്- യെച്ചൂരി കുറ്റപ്പെടുത്തി.

# റഷ്യൻ ഉച്ചകോടിയിൽ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി വിശിഷ്ടാതിഥി



ന്യൂഡൽഹി: നാലു രാജ്യങ്ങളിലായി ആറു ദിവസത്തെ യാത്ര നടത്തുന്ന ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യയിൽ. ബുധനാഴ്ച രാത്രിയിലാണ് അദ്ദേഹം റഷ്യയിലെത്തിയത്. സെന്റ് പീറ്റേഴ്സ് ബർഗ് വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായാണ് സന്ദർശനം.

ഇന്ത്യൻ പ്രധാനമന്ത്രി റഷ്യൻ സാമ്പത്തിക ഉച്ചകോടിയിൽ പങ്കെടുക്കുന്നത് ഇതാദ്യമാണ്. വെള്ളിയാഴ്ച നടക്കുന്ന ഉച്ചകോടിയിൽ മോദി വിശിഷ്ടാതിഥിയായി പങ്കെടുക്കും. ഉച്ചകോടിയിൽ റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിനുമായി വിവിധ കരാറുകളിൽ ഒപ്പുവെയ്ക്കും. കൂടിക്കാഴ്ചയിൽ പന്ത്രണ്ടോളം കരാറുകളിൽ ഒപ്പുവെയ്ക്കുമെന്നാണ് കരുതുന്നത്. ശാസ്ത്ര സാങ്കേതിക മേഖല, റെയിൽവേ, വ്യവസായം, സാംസ്കാരികം തുടങ്ങിയ കരാറുകളാണ് തയ്യാറാക്കിയിട്ടുള്ളത്.

റഷ്യൻ സഹകരണത്തോടെ ഇന്ത്യയിൽ നിർമിച്ച കൂടംകുളം ആണവ നിലയത്തിന്റെ അവസാന രണ്ടു യൂണിറ്റുകളുടെ നിർമാണവുമായി ബന്ധപ്പെട്ട കരാറിൽ ഒപ്പുവയ്ക്കുമെന്നാണ് കരുതുന്നത്.

സന്ദർശനം ഫലപ്രദമാണെന്നും ഇരുരാജ്യങ്ങളും പുലർത്തിപ്പോരുന്ന സൗഹൃദം സ്വാഭാവികമാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി ദി ട്വിറ്ററിലൂടെ അഭിപ്രായപ്പെട്ടു.

# അയോധ്യയിൽ ക്ഷേത്രനിർമാണത്തിൽ മുസ്ലിം സഹകരിക്കും



*ലക്നോ:* അയോധ്യയിൽ രാമക്ഷേത്രം നിർമിക്കുന്നതിന് മുസ്ലിംങ്ങൾ അനുകൂലമാണെന്ന് യുപി.മുഖ്യമന്ത്രി യോഗി ആദിത്യനാഥ്.

രാമക്ഷേത്രവിഷയം ഇന്ത്യൻ രാഷ്ട്രീയരംഗത്ത് സജീവ ചർച്ചയാക്കാനുള്ള ശ്രമങ്ങളാണ് ബി.ജെ.പി. നടത്തുന്നത്.

ഇതിന്റെ ഭാഗമായാണ് യു.പി. മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അയോധ്യയിൽ സന്ദർശനം നടത്തിയതെന്നാണ് സൂചന.

മുസ്ലീം സമുദായത്തിലെ ഒരു വിഭാഗം ജനങ്ങൾ ക്ഷേത്രനിർമാണത്തിന് അനുകൂലമാണ്. ഇക്കാര്യത്തിൽ ചർച്ചയിലൂടെ പ്രശ്നപരിഹാരം കാണുകയാണ് നല്ലത്. അതിന് അനുയോജ്യമായ സമയമാണ് ഇതെന്നും ആദിത്യനാഥ് പറഞ്ഞു. ഇക്കാര്യത്തിൽ ഏതു വിധത്തിലുമുള്ള ഇടപെടലുകൾക്കും യു.പി.സർക്കാർ തയ്യാറാണെന്നും അദ്ദേഹം അറിയിച്ചു.

ബാബറി മസ്ജിദ് തകർത്തതുമായി ബന്ധപ്പെട്ട് ഗൂഢാലോചന കേസിൽ ബി.ജെ.പി. നേതാക്കളായ എൽ.കെ. അദ്വാനി, ഉമ ഭാരതി എന്നിവർ ചൊവ്വാഴ്ച കോടതിയിൽ ഹാജരായിരുന്നു. ഇവരെ പൂച്ചെണ്ടു നൽകി സ്വീകരിച്ച യോഗി ആദിത്യനാഥിന്റെ നടപടിയും വിവാദമായിരുന്നു. ഇതിനു പിന്നാലെയാണ് യോഗി അയോധ്യയിൽ സന്ദർശനം നടത്തിയിരിക്കുന്നത്.






# കെ.ആർ.നന്ദിനിക്ക് ഒന്നാം റാങ്ക്



*ന്യൂഡൽഹി:* യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ സിവിൽ സർവീസ് പരീക്ഷയിൽ കർണാടകയിലെ കെ.ആർ.നന്ദിനിക്ക് ഒന്നാം റാങ്ക്. അൻമോൾ ഷെർ സിങ് ബേദി, ജി.രോണങ്കി എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

1099 പേരെയാണ് ഐ.എ.എസ്. ഐ.എഫ്.എസ്. ഐ.പി.എസ് എന്നിവയ്ക്കും വിവിധ കേന്ദ്രസർവീസിലേക്കും ശിപാർശ ചെയ്തത്. 220 പേർ വെയ്റ്റിങ് ലിസ്റ്റിലുണ്ട്. ഒന്നാം റാങ്ക് നേടിയ നന്ദിനിക്ക് പുറമെ സൗമ്യ പാണ്ഡെ (നാലാം റാങ്ക്), ശ്വേതാ ചൗദാൻ (ഏഴാം റാങ്ക്) എന്നിവരാണ് ആദ്യത്തേതിൽ ഇടം നേടിയ വനിതകൾ.

# കശാപ്പ് നിയന്ത്രണം: ഫെഡറൽ സംവിധാനത്തോടുള്ള വെല്ലുവിളി, ആവശ്യമെങ്കിൽ നിയമനിർമാണം നടത്തും



*തിരുവനന്തപുരം:* കശാപ്പു നിയന്ത്രണത്തിൽ കേന്ദ്രം കൈക്കൊണ്ടത് ഫെഡറൽ സംവിധാനത്തോടുള്ള വെല്ലുവിളിയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു.

കന്നുകാലി വിൽപനയും കശാപ്പും നിയന്ത്രണവിധേയമാക്കിയ കേന്ദ്രഗവൺമെന്റ് തീരുമാനത്തിനെതിരെ തിരുവനന്തപുരത്ത് കൂടിയ മന്ത്രിസഭാ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്ര ഉത്തരവിനെതിരെ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനു മുഖ്യമന്ത്രിമാരുടെ സമ്മേളനവും പ്രത്യേക നിയമസഭാ സമ്മേളനവും ചേർക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഉത്തരവ് കോടതിയിലും ചോദ്യം ചെയ്യും. ആവശ്യമെങ്കിൽ നിയമനിർമാണവും നടത്തുമെന്നും പിണറായി പറഞ്ഞു. പ്രധാനമന്ത്രി മോദിക്ക് കത്ത് അയച്ചുവെങ്കിലും മറുപടി ലഭിച്ചില്ലെന്നും ചോദ്യത്തിനുത്തരമായി അദ്ദേഹം പറഞ്ഞു.

# രാജു നാരായണസ്വാമിക്ക് ഭാഷാവകുപ്പ് സെക്രട്ടറി സ്ഥാനം

*തിരുവനന്തപുരം:* ഐ.എ.എസ്.പോരിനോടുവിൽ കൃഷിവകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനം നഷ്ടപ്പെട്ട രാജു നാരായണസ്വാമിയെ ഔദ്യോഗിക ഭാഷാവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിച്ചു.

കൃഷിവകുപ്പ് ഡയറക്ടറായിരുന്ന ബിജു പ്രഭാകറും കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന രാജു നാരായണസ്വാമിയും തമ്മിലുണ്ടായ പരസ്യമായ തർക്കത്തിനൊടുവിൽ രണ്ടുപേരേയും ഒടുവിൽ കൃഷിവകുപ്പിൽനിന്ന് മാറ്റുകയായിരുന്നു.

# മതേതരകക്ഷികൾ ഒന്നിക്കണം: പി.കെ.കുഞ്ഞാലിക്കുട്ടി



*കോഴിക്കോട്:* കന്നുകാലിവിഷയം ന്യൂനപക്ഷമായി പ്രശ്നമാക്കി മുതലെടുക്കാനാണ് കേന്ദ്രസർക്കാർ ശ്രമമെന്നും ഇതിനെതിരെ മതേതര കക്ഷികളുടെ ഐക്യവും പ്രതിഷധവും ഉയരണമെന്നും മുസ്ലീം ലീഗ് ദേശിയ ജനറൽ സെക്രട്ടറി പി.കെ.കുഞ്ഞാലിക്കുട്ടി.

കോടതിവിധികൾ എന്തായാലും ജനാധിപത്യത്തിൽ പരമാധികാരം ജനങ്ങൾക്കാണ്. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമാണത്തിലൂടെ ഇതിനെ മറികടക്കാനാകുമെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ജൂൺ 4ന് കോഴിക്കോട് ചേരുന്ന ദേശീയ കമ്മിറ്റിയിൽ മതേതര കൂട്ടായ്മ രൂപപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കും. കാലി നിരോധനവുമായി ബന്ധപ്പെട്ട പ്രതിഷേധങ്ങൾ അതിരുകടക്കരുത്. കണ്ണൂരിൽ പരസ്യമായി കശാപ്പു നടത്തിയ യൂത്ത് കോൺഗ്രസ് നടപടി ശരിയല്ല. ദേശീയതലത്തിൽ രൂപപ്പെടുത്തുന്ന മതേതര മുന്നണിയിൽ സി.പി.എമ്മിനോട് കോൺഗ്രസ് പുലർത്തുന്ന സമീപനം നോക്കിയാവും ഇതു സംബന്ധിച്ച ലീഗിന്റെ നിലപാടെന്നും ചോദ്യത്തിന് മറുപടിയായി വ്യക്തമാക്കി.

നോട്ടുനിരോധനത്തിന്റെ പ്രത്യാഘാതം രാജ്യം ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കെ കന്നുകാലി നിരോധനവും അടിച്ചേൽപ്പിക്കുന്നതോടെ രാജ്യം സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുമെന്നും വിഴിഞ്ഞം കരാറിൽ അഴിമതി നടന്നിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

# മാടുവിൽപനയും കശാപ്പും കഴിപ്പും വിലക്കിയിട്ടില്ലെന്നു ഹൈക്കോടതി

*കൊച്ചി:* കന്നുകാലികളെ വിൽക്കുന്നതും കശാപ്പു ചെയ്യുന്നതും കഴിക്കുന്നതും കേന്ദ്രസർക്കാർ പുതിയ ചട്ടത്തിൽ വിലക്കിയിട്ടില്ലെന്നു ഹൈക്കോടതി ഡിവിഷൻ ബഞ്ച് പരാമർശിച്ചു. കാലിച്ചന്തയിൽ കന്നുകാലികളെ കശാപ്പു ചെയ്യുന്നതിനായി വിൽക്കുന്നതിനാണ് പുതിയ വിലക്കെന്നും കോടതി വാദത്തിനിടെ ചൂണ്ടിക്കാട്ടി. അതിനപ്പുറം ചട്ടത്തിൽ ഒന്നും പറയുന്നില്ലെന്നും കോടതി പറഞ്ഞതോടെ ഈ വിഷയത്തിലുള്ള പൊതു താല്പര്യ ഹർജി പിൻവലിച്ചു. അതേസമയം ചട്ടത്തിന്റെ ഫലം നേരിട്ടു ബാധിക്കുന്ന ഇറച്ചി വ്യാപാരികളും തൊഴിലാളികളും മറ്റും നൽകിയ ഹർജികൾ മറ്റൊരു സിംഗിൾ ജഡ്ജിയുടെ പരിഗണനയിലുണ്ട്. ഇതിനിടെ രാജസ്ഥാൻ ഹൈക്കോടതി കേന്ദ്രസർക്കാരുമായി സഹകരിച്ച് ദേശിയമൃഗമായി പശുവിനെ പ്രഖ്യാപിക്കണമെന്നു രാജസ്ഥാൻ സർക്കാരിനു നിർദേശം നൽകി.

# അക്ഷരമുറ്റത്തേക്കുള്ള കുരുന്നുകളുടെ ആദ്യചുവടുവെയ്പിന് തുടക്കം



*തിരുവനന്തപുരം:* അക്ഷരമുറ്റത്തേക്കുള്ള കുരുന്നുകളുടെ ആദ്യചുവടുവെയ്പിന് പ്രവേശനോത്സവത്തോടെ തുടക്കം.

പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഊരൂട്ടമ്പലം ഗവൺമെന്റ് യു.പി.സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. വിദ്യാഭ്യാസ മന്ത്രി സി.രവീന്ദ്രനാഥ് കഥ പറഞ്ഞുകൊണ്ട് വിദ്യാർത്ഥികളെ ക്ലാസുകളിലേക്ക് സ്വീകരിച്ചു.

പഠനാവശ്യത്തിനായി കേരളത്തിൽ നടന്ന ആദ്യകലാപമായ കണ്ടല ലഹള ശതാബ്ദി സ്മാരകം ചടങ്ങിൽ മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു. പത്തനംതിട്ട ജില്ലയിലെ പ്രവേശനോത്സവം രാജ്യസഭ ഡെപ്യൂട്ടി ചെയർമാൻ പ്രൊഫ. പി.ജെ.കുര്യനും ആലപ്പുഴയിലെ ഉത്സവം മന്ത്രി ജി.സുധാകരനും നിർവ്വഹിച്ചു.

ജില്ലാതലം മുതൽ സ്കൂൾ തലം വരെയും പ്രവേശനോത്സവം സംഘടിപ്പിച്ചിരുന്നു. വിവിധ സ്കൂളുകൾ കുട്ടികൾക്ക് മധുരം നൽകിക്കൊണ്ടാണ് സ്വീകരിച്ചത്. ചില യിടങ്ങളിൽ മുതിർന്ന കുട്ടികളുടെ കലാപരിപാടികളും അരങ്ങേറി.

പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്താൻ സർക്കാർ ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടികൾക്ക് മികച്ച പ്രതികരണമുണ്ടായതോടെ ഇത്തവണ സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ എത്തുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുമെന്നാണ് കരുതുന്നത്.

# മദ്യനയം സർക്കാർ തീരുമാനം പിൻവലിക്കണം: ചെന്നിത്തല



*തിരുവനന്തപുരം:* മദ്യമുതലാളിമാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള മദ്യനയത്തിന്റെ തുടക്കമാണ് മദ്യശാലകൾക്ക് പഞ്ചായത്തിന്റെ അനുമതി എടുത്തു കളഞ്ഞ നടപടിയെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല.

ഇടതു മുന്നണി കേരളത്തെ മദ്യാലയമാക്കി മാറ്റുകയാണ്. മദ്യഷാപ്പുകൾ പ്രവർത്തിപ്പിക്കാൻ തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി വേണ്ടെന്ന തീരുമാനം അടിയന്തിരമായി പിൻവലിക്കണം. പുതിയ മദ്യനയം പ്രഖ്യാപിക്കുംമുമ്പ് ഇഷ്ടാനുസരണം ബാറുകൾ തുറക്കാനുള്ള തന്ത്രമാണ് ഇതിനു പിന്നിൽ. ഹൈക്കോടതി വിധിക്കെതിരെ സംസ്ഥാന സർക്കാർ അപ്പീൽ പോകണം.

കന്നുകാലി കശാപ്പ് നിരോധിച്ച കേന്ദ്രസർക്കാർ നടപടിക്കെതിരെ സംസ്ഥാന സർക്കാർ നിയമനിർമാണം നടത്തിയാൽ പ്രതിപക്ഷം പൂർണ്ണമായും പിൻതുണക്കും. ഇതിനായി പ്രത്യേക നിയമസഭായോഗം വിളിച്ചുകൂട്ടാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നുവെന്നും ചെന്നിത്തല പറഞ്ഞു.



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

# റീജിയൻ യുവജനോത്സവത്തിന് നൂറു കണക്കിന് കലാകാരന്മാർ അണിനിരക്കും

**സന്തോഷ് ഏബ്രഹാം**

*ഫിലാഡൽഫിയ:* ന്യൂജേഴ്സി, ഡെലവർ, പെൻസിൽവാനിയ സംസ്ഥാനങ്ങളിലെ മലയാളി സമൂഹം ഏറെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന കലാ മാമാങ്കത്തിനു ദിവസങ്ങൾമാത്രം ശേഷിച്ചിരിക്കെ ഒരുക്കങ്ങളുടെ അവസാന മിനുക്കു പണിയിലാണ് സംഘാടകർ.

മലയാളി കുട്ടികളിലേയും യുവാക്കളിലേയും സർഗവാസനകളെ അറിയുക, അംഗീകരിക്കുക, പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ ഫോമ നടത്തുവാൻ പോകുന്ന ദേശിയ യുവജനോത്സവത്തിനു മുന്നോടിയായി ജൂൺ 3ന് ഫിലാഡൽഫിയയിൽ നടക്കുവാൻ പോകുന്ന റീജിയൻ യുവജനോത്സവത്തിന് നൂറു കണക്കിന് കലാകാരന്മാർ അണിനിരക്കും.

മത്സരാർത്ഥികൾ തങ്ങളുടെ അദ്ധ്യാപകരുടെ കീഴിൽ തീവ്രപരിശീലനത്തിൽ മുഴുകി തയ്യാറെടുക്കുമ്പോൾ സമഗ്രമായ സംഘാടനത്തിലൂടെ ചിട്ടയായ പ്രവർത്തനം വഴി യുവജനോത്സവം സൂക്ഷ്മതലത്തിൽപോലും കുറ്റമറ്റതാക്കാനുള്ള പരിശ്രമത്തിലാണ് പ്രാദേശിക നേതൃത്വം.

ഫിലാഡൽഫിയ അസൻഷൻ മർത്തോമ ദേവാലയ കെട്ടിട സമുച്ചയത്തിൽ നാലു വ്യത്യസ്ത വേദികളിലായാണ് ഫോമ മിഡ് അറ്റ്ലാന്റിക് റീജിയൻ യുവജനോത്സവം അരങ്ങേറുക.

സാബു സക്കറിയ, സെക്രട്ടറി ജോജോ കോട്ടൂർ, ട്രഷറർ ബോബിതോമസ്, പി.ആർ.ഒ. സന്തോഷ് ഏബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ ഹരികുമാർ രാജൻ (ചെയർമാൻ), അബിത ജോസ്, നീതു രവീന്ദ്രൻ, തോമസ് ഏബ്രഹാം, അജിത് ഹരിഹരൻ, തോമസ് എം.ജോർജ്, ശ്രീദേവി അജിത് കുമാർ, ദീപ്തി നായർ, നാഷണൽ കമ്മിറ്റി അംഗം സിറിയക് കുര്യൻ എന്നിവർ യുവജനോത്സവ മത്സരങ്ങളുടെ ചുക്കാൻ പിടിക്കുന്നു.

# ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം ഡോ.എ.എസ്. സന്ധ്യക്ക്



**ശ്രീകുമാർ ഉണ്ണിത്താൻ**

*തിരുവനന്തപുരം:* ഫൊക്കാനയുടെ ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം കൊല്ലം ഫാത്തിമ മാതാ കോളജിലെ അദ്ധ്യാപിക ഡോ.എ.എസ്. സന്ധ്യക്ക് സുഗതകുമാരി സമ്മാനിച്ചു. അമ്പതിനായിരം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. തിരുവനന്തപുരം പ്രസ് ക്ലബ് ഹാളിൽ നടന്ന ചടങ്ങിൽ മലയാളത്തെ സ്നേഹിക്കുന്ന നൂറു കണക്കിന് സഹൃദയർ പങ്കെടുത്തു.

പുരസ്കാരത്തിന് അർഹമായ പ്രബന്ധം കേരള സർവകലാശാല പ്രസിദ്ധീകരിക്കും. അവാർഡിനും പ്രസിദ്ധീകരണത്തിനുമുള്ള തുക നൽകുന്നത് ഫൊക്കാനയാണ്.

ഫോക്‌ലോർ ഘടകങ്ങൾ എസ്.കെ.പെറ്റെക്കാട്ട്, വൈക്കം മുഹമ്മദ് ബഷീർ, കോവിലൻ എന്നിവരുടെ നോവലുകളിൽ എന്നതായിരുന്നു ഗവേഷണവിഷയം. ഡോ. എം.എസ്.സുലോചനയായിരുന്നു ഗൈഡ്. 14 പി.എച്ച്.ഡി പ്രബന്ധങ്ങളിൽനിന്നാണ് തെരഞ്ഞെടുപ്പ് നടന്നത്.

ഫൊക്കാന കേരള കൺവൻഷൻ ചെയർമാൻ പോൾ കറുകപ്പിള്ളിൽ, ട്രസ്റ്റി ബോർഡ് ചെയർമാൻ ജോർജി വർഗീസ്, സർവകലാശാല രജിസ്റ്റാർ ഡോ.എം.എസ്.ജയപ്രകാശ്, ഡോ.ശ്രീകുമാർ, ഡോ.മാത്യു വർഗീസ്, സുധാ കർത്ത, ജോർജ് ഓലിക്കൽ, മോഡി ജേക്കബ്, അലക്സ് തോമസ്, ടി.എസ്.ചാക്കോ, അലക്സ് തോമസ് തുടങ്ങിവർ പ്രസംഗിച്ചു.

# മെക് ഡോണാൾഡ് ജീവനക്കാർ ശമ്പളവർദ്ധനവിനായി സമരം



*ഷിക്കാഗോ:* മെക് ഡോണാൾഡ് ജീവനക്കാരുടെ കുറഞ്ഞ വേതന നിരക്ക് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ചിക്കാഗോ ഡൗൺ ടൗണിൽ ജീവനക്കാർ കൂറ്റൻ പ്രകടനം നടത്തി.

യുണൈറ്റഡ് കോന്റിനന്റൽ ഹോട്ടലിൽ ചെയർ ഹോൾഡേഴ്സിന്റെ മീറ്റിങ് നടക്കുന്നതിനിടെയാണ് ജീവനക്കാർ പ്രതിഷേധവുമായി പുറത്ത് പ്രകടനത്തിനെത്തിയത്. പ്രകടനം നടത്തിയവരെ പൊലീസ് അറസ്റ്റു ചെയ്തു നീക്കി. മണിക്കൂറിന് അഞ്ചു ഡോളർ കുറഞ്ഞ വേതനം നൽകണമെന്നാണ് പ്രകടനക്കാരുടെ ആവശ്യം. ഇപ്പോൾ 7.5 ഡോളറാണ് മിനിമം വേതനമായി ലഭിക്കുന്നത്.

മെക് ഡോണാൾഡ് സ്വന്തമായി നടത്തുന്ന റെസ്റ്റോറന്റുകളിൽ 10 ഡോളർ ലഭിക്കുമ്പോൾ ചില സ്ഥലങ്ങളിൽ പത്തു ഡോളറിൽ താഴെയാണ് നൽകുന്നത്. നവംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ മിനിമം വേതനം ഉയർത്തുമെന്ന് റിപ്പബ്ലിക് പാർട്ടി വാഗ്ദാനം നൽകിയിരുന്നതായും പ്രകടനക്കാർ ചൂണ്ടിക്കാട്ടി.

ഷെയർ ഹോൾഡേഴ്സിന്റെ യോഗത്തിൽ ചോദ്യോത്തര വേളയിൽ ഈ വിഷയം ഉന്നയിച്ചുള്ള ചോദ്യങ്ങൾ ഒന്നും തന്നെ ഉയർന്നില്ലെന്ന് കമ്പനി വക്താക്കൾ അറിയിച്ചു. രാജ്യവ്യാപകമായി പതിനായിരക്കണക്കിന് ജീവനക്കാരാണ് കുറഞ്ഞ വേതനം ഉയർത്തണമെന്ന് ആവശ്യപ്പെട്ട് രംഗത്തെത്തിയിരിക്കുന്നത്.

# ഹൈസ്കൂൾ പ്രിൻസിപ്പൽ ഡെന്നിസ് റീവിസ് ആത്മഹത്യ ചെയ്തു




*ടെക്സാസ്:* പ്രിൻസിപ്പാൾ സ്ഥാനത്തുനിന്നുള്ള രാജിക്കത്ത് വിദ്യാഭ്യാസ ജില്ലാ സൂപ്രണ്ടിന് കൈമാറി നിമിഷങ്ങൾക്കകം പാർക്കിംഗ് ലോട്ടിലെത്തി ട്രക്കിലിരുന്നു സ്വയം വെടി ഉതിർത്ത് ആത്മഹത്യ ചെയ്ത സംഭവം ടെക്സാസിൽ നിന്നും റിപ്പോർട്ടു ചെയ്യപ്പെട്ടു.

കിർബി വില്ല ഹൈസ്കൂൾ പ്രിൻസിപ്പൽ ഡെന്നിസ് റീവിസാണ് (45) കാറിലിരുന്നു ആത്മഹത്യ ചെയ്തത്.

കഴിഞ്ഞ വെള്ളിയാഴ്ച വേനൽ അവധിക്ക് സ്കൂൾ അടച്ചു. വൈകുന്നേരം നാലിന് രാജിക്കത്ത് സമർപ്പിച്ചു പാർക്കിങ് ലോട്ടിൽ തിരിച്ചെത്തി ട്രക്കിന്റെ എഞ്ചിൻ സ്റ്റാർട്ട് ചെയ്ത് റിവേഴ്സ് ഗീയറിൽ ഇട്ടതിനുശേഷമാണ് സ്വയം വെടിവച്ചത്. പോലീസ് എത്തുമ്പോൾ ബ്രേക്കിൽ കാലമർത്തി വെടിയേറ്റു കിടക്കുന്ന ഡെന്നീസിനെയാണ് കണ്ടത്.

ഒരു പ്രിൻസിപ്പാൾ മാത്രമായിരുന്നില്ല ഡെന്നീസ്. വിദ്യാർത്ഥികളുടെ ഉറ്റ സുഹൃത്തും ചിയർ ലീഡറും സ്കൂളിന്റെ നട്ടെല്ലുമായിരുന്നു എന്നാണ് സഹപ്രവർത്തകരും വിദ്യാർത്ഥികളും ഒരുപോലെ അഭിപ്രായപ്പെട്ടത്. ഭാര്യയും രണ്ടു കുട്ടികളും ഉൾപ്പെടുന്നതാണ് കുടുംബം. ആത്മഹത്യാകുറിപ്പൊന്നും കണ്ടെത്താനായില്ലെന്നു പോലീസ് പറഞ്ഞു. മരണത്തെക്കുറിച്ച് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.



ഡാളസ് ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ നടന്ന മാതൃദിനാഘോഷം

## ജോർജ് മഠത്തിൽപറമ്പിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷം



**ജോർജ് തുമ്പയിൽ**

*ഷിക്കാഗോ:* സീറോ മലബാർ സഭയുടെ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറിയും ചങ്ങനാശ്ശേരി എസ്.ബി. കോളജ് മുൻ പ്രിൻസിപ്പലും ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതയുടെ മുൻവികാരി ജനറാളും ഷിക്കാഗോ എസ്.ബി ആന്റ് അസംപ്ഷൻ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ രക്ഷാധികാരിയുമായ ഡോ.ജോർജ് മഠത്തിൽപറമ്പിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷം ജൂൺ 4ന് ഞായറാഴ്ച ചിക്കാഗോ സീറോ മലബാർ കത്തീഡ്രലിൽ നടത്തും.

മർത്തോമശ്ലീഹാ സീറോ മലബാർ കത്തീഡ്രലിൽ ജൂൺ 4ന് വൈകിട്ട് കൃതജ്ഞതാബലി അർപ്പിച്ചുകൊണ്ട് ആഘോഷങ്ങൾക്ക് തുടക്കം കുറിക്കും. അതിനുശേഷം വൈവിധ്യമാർന്ന പരിപാടികളോടുകൂടി പൊതുസമ്മേളനം കത്തീഡ്രൽ ഹാളിൽ നടക്കും.

കഴിഞ്ഞ അമ്പതു വർഷക്കാലം സഭയ്ക്കും സമൂഹത്തിനും തനിക്ക് വ്യക്തിപരമായും പൗരോഹിത്യ ശുശ്രൂഷയിലൂടെയും ലഭിച്ചിട്ടുള്ള എല്ലാ ദൈവാനുഗ്രഹങ്ങൾക്കും വരദാനങ്ങൾക്കും നന്ദി പറയുവാൻ ഒരുക്കുന്ന ഈ ധന്യ അവസരത്തിലേക്ക് എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## ഫൊക്കാന വിമൻസ് ഫോറം മാതൃദിനം ആചരിച്ചു



*ന്യൂയോർക്ക്:* ഫൊക്കാന വിമൻസ് ഫോറം ന്യൂയോർക്ക് റീജിയൻ ക്യൂൻസിലുള്ള കേരള കിച്ചൺ റെസ്റ്ററന്റിൽ വെച്ച് മാതൃദിനം ആചരിച്ചു.

ഫൊക്കാന വിമൻസ് ഫോറം ന്യൂയോർക്ക് റീജിയൻ പ്രസിഡന്റ് ശോശാമ്മ ആൻഡ്രൂസിന്റെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. ഡോ. സ്മിതാ പിള്ള മുഖ്യാതിഥിയായിരുന്നു. അമ്മമാരുടെ ത്യാഗം കഠിനാദ്ധ്വാനം സ്നേഹം എന്നിവയെപ്പറ്റി പറഞ്ഞു. മാതൃസ്നേഹത്തെ പ്രതിപാദിക്കുന്ന കവിത ചൊല്ലുകയും ചെയ്തു.

മേരിക്കുട്ടി മൈക്കിളിന്റെ പ്രാർത്ഥനാഗാനത്തോടെയാണ് സമ്മേളനം ആരംഭിച്ചത്. ഫൊക്കാന നാഷണൽ വിമൻസ് ഫോറം ചെയർമാൻ ലീലാ മാരേട്ട് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ജോയി ഇട്ടൻ, കൺവൻഷൻ ചെയർമാൻ മാധവൻനായർ, പ്രൊഫ.എൻ.പി.ഷീല, ബോർഡ് മെമ്പർ വിനോദ് കെ.ആർ.കെ., നഴ്സസ് അസോസിയേഷൻ പ്രസിഡന്റ് മേരി ഫിലിപ്പ്, മെറ്റ് ലൈഫ് സാബു ലൂക്കോസ് എന്നിവർ പ്രസംഗിച്ചു.

## മടങ്ങിപ്പോകാതെ അമേരിക്കയിൽ തങ്ങിയവരുടെ എണ്ണം അര മില്യൻ




**പി.പി.ചെറിയാൻ**

*ന്യൂയോർക്ക്:* വിസയുടെ കാലാവധി കഴിഞ്ഞിട്ടും മടങ്ങിപോകാതെ അമേരിക്കയിൽ തങ്ങിയവരുടെ എണ്ണം 2016ലെ കണക്കനുസരിച്ച് അര മില്യൻ വരുമെന്ന് മെയ് 22ന് ഡിപ്പാർട്ടുമെന്റ് ഓഫ് ഹോംലാന്റ് സെക്യൂരിറ്റി പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു.

2016ൽ 50 മില്യനോളം വിദേശികളാണ് അമേരിക്കയിൽ സന്ദർശനത്തിനോ, മറ്റു ജോലി ആവശ്യങ്ങൾക്കോ അമേരിക്കയിലെത്തിയത്. ഇതിൽ 739,478 പേർ അനുവദിക്കപ്പെട്ട സമയം കഴിഞ്ഞിട്ടും മടങ്ങിപ്പോകാത്തവരാണ്.

കാലാവധി പൂർത്തിയാക്കി അനധികൃതമായി അമേരിക്കയിൽ തങ്ങുന്നവരുടെ എണ്ണം സിയാറ്റിലെ ജനസംഖ്യയേക്കാൾ കൂടുതലാണെന്നും ഇത് ഇമിഗ്രേഷൻ സിസ്റ്റത്തിലെ അപാകതകളാണ് ചൂണ്ടിക്കാണിക്കുന്നതെന്നും ഡി.എച്ച്.എസ് സീനിയർ ഉദ്യോഗസ്ഥൻ വെളിപ്പെടുത്തി. എന്നാൽ ട്രംപ് അധികാരമേറ്റെടുത്തതിനുശേഷം ജനുവരയിലെ കണക്കുകൾ അനുസരിച്ച് ഇത്തരക്കാരുടെ എണ്ണം 544,676 ആയി കുറഞ്ഞിട്ടുണ്ട്. ദേശീയ സുരക്ഷയെ സാരമായി ബാധിക്കുന്ന ഈ വിഷയത്തിൽ ട്രംപ് ഗവൺമെന്റ് ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്.

## ദിലീപ് ഷോ പരിസമാപ്തിയിലേക്ക്..



**ബിജു കൊട്ടാരക്കര**

*ന്യൂയോർക്ക്:* നാദിർഷ സംവിധാനം ചെയ്ത് ദിലീപും ഇരുപത്തിയഞ്ചിൽപ്പരം കലാകാരന്മാരും അണിനിരന്ന ദിലീപ് ഷോ അതിന്റെ പരിസമാപ്തിയിലേക്കു കടക്കുമ്പോൾ ജനഹൃദയങ്ങൾ കീഴടക്കി ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി ഈ കലാവിരുന്ന് മാറുകയാണ്. ഏറെ ആശങ്കകൾക്ക് നടുവിൽ ആരംഭിച്ച ഷോ വിജയമായിരുന്നു.

തൊട്ടതെല്ലാം പൊന്നാക്കിയ യുജിഎം എന്റർട്രെയ്നെർ വളരെ പ്രതീക്ഷയോടെയാണ് ദിലീപ് ഷോ അമേരിക്കയിലെത്തിച്ചത്. അമേരിക്കയിലെയും കാനഡയിലെയും വിവിധ വേദികളിൽ അവതരിപ്പിക്കുന്ന ദിലീപ് ഷോ ചിരിയും ചിന്തയും കലർന്ന ഒരു മികച്ച ഷോ ആയിരിക്കുമെന്ന് സംഘാടകരും അതിന്റെ അണിയറ ശില്പികളും അവകാശപ്പെട്ടിരുന്നു. ദിലീപും പിഷാരടിയും ധർമജനും കാവ്യാമധാവനും സുബിയും ഉൾപ്പെടുന്നതാണ് ഷോ അംഗങ്ങൾ.

ദിലീപ് ഷോ ഇനിയും നോർത്ത് കരോലിന, ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലാഡൽഫിയ എന്നി സ്ഥലങ്ങളിലും അരങ്ങേറും.

5/26/2017 Friday Raleigh, NC Meymandi Concert Hall Duke Energy Center for the Performing Arts 2 E South St, Raleigh, NC Lourdes Matha SyroMalabar Catholic Church Babu Kuttiath 9198001571

5/27/2017 Saturday New York, NY Tilles Center for the Performing Arts, 720 Northern Blvd, Greenvale, NY 11548

Center of Living 5162741810

5/28/2017 Sunday New Jercey, NJ John J. Breslin Thetare at Felician College, Lodi, NJ Malankara Archdiocese Syrian Orthodox Church Joji Kavanal 9144095385

5/29/2017 Monday Philadelphia, PA Council Rock High School North, 62 Swamp Rd, Newtown, PA Kottayam Association

## സിലിക്കൻവാലിയിൽ കേരള ക്ലബ് ബിരിയാണി ഫെസ്റ്റ് ഓഗസ്റ്റ് 26ന്

*സാൻഫ്രാൻസിസ്കോ:* കേരളാ ക്ലബ് കാലിഫോർണിയ ഒരുക്കുന്ന തട്ടുകട 2017 ദം ബിരിയാണി ഫെസ്റ്റ് സണ്ണിവേയ്‌ലിലെ ബലാൻഡ്‌സ് പാർക്കിൽ ഓഗസ്റ്റ് 26ന് അരങ്ങേറും. കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ പുട്ട് ഫെസ്റ്റിവൽ, കേക്ക് ആന്റ് വൈൻ ഫെസ്റ്റിവൽ, പായസം കുക്ക് ഓഫ് എന്നിവ വിജയകരമായിരുന്നു.

കോഴിക്കോട് ദം ബിരിയാണി, മീൻ ബിരിയാണി, കൊഞ്ച് ബിരിയാണി, മലബാർ ആട് ബിരിയാണി, മലബാർ ചിക്കൻ ബിരിയാണി, പാലക്കാടൻ പച്ചക്കറി ബിരിയാണി, തിക്കോടിയൻ കല്ലുമ്മക്കായ ബിരിയാണി, തലശേരി കോഴി ബിരിയാണി തുടങ്ങിയ നിരവധിതരത്തിലുള്ള ബിരിയാണികൾ മത്സരത്തിനുണ്ടാകുമെന്ന് ഭാരവാഹികൾ പറഞ്ഞു.

നോൺപ്രോഫിറ്റ് സംഘടനയായ ക്ലബ് കാലിഫോർണിയ സംഘടിപ്പിക്കുന്ന ഈ പരിപാടിക്ക് സാൻഫ്രാൻസിസ്കോ മലയാളികളിൽ നിന്നും നല്ല പ്രതികരണമാണ് ലഭിക്കുന്നതെന്ന് ഭാരവാഹികൾ പറഞ്ഞു.

## അമേരിക്കൻ നായർ സംഗമം ജൂലൈ 29ന്

*ന്യൂയോർക്ക്:* അമേരിക്കൻ നായർ സംഗമം ജൂലൈ 29ന് തിരുവനന്തപുരത്ത് കഴക്കൂട്ടത്തെ അൽസാജ് കൺവൻഷൻ സെന്ററിൽ നടക്കും. കേരളത്തിൽ നടക്കുന്ന ആദ്യ സംഗമമാണിതെന്ന് ചെയർമാൻ രാജേഷ് നായർ അറിയിച്ചു.

അമേരിക്കയിലും കാനഡയിലും അധിവസിക്കുന്ന ഇരുപതിനായിരത്തോളം അംഗങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്ന സംഘടനയാണിത്.

ഉദ്ഘാടനത്തെ തുടർന്ന് അമേരിക്കയിലെയും കാനഡയിലെയും പ്രമുഖ നേതാക്കൾ പങ്കെടുക്കും. കേരളത്തിൽ എൻ.എസ്.എസ്. കരയോഗങ്ങളുമായി സഹകരിച്ച് ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്താൻ അവസരമൊരുക്കുന്ന പദ്ധതിയുടെ രൂപീകരണവും ഇതോടൊപ്പം നടക്കും.

സംവിധായകൻ രാജസേനൻ നയിക്കുന്ന മെഗാഷോയിൽ സപാസ വിഷൽ മ്യൂസിക്കൽ ട്രീറ്റിനോടൊപ്പം സിനിമാ താരം നോബിയും കോമഡി സ്റ്റാർസ് സംഘവും ചേർന്ന് പരിപാടികൾ അവതരിപ്പിക്കും.

പങ്കെടുന്നവർക്ക് എയർ ഇന്ത്യ, എമിറേറ്റ്സ് വിമാന കമ്പനികൾ വിലക്കുറവിൽ ടിക്കറ്റുകൾ ലഭ്യമാക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: 408 203 1087.

# മാർക്കിന്റെ പിക്നിക് 10ന്

*ഷിക്കാഗോ:* മലയാളി അസോസിയേഷൻ ഓഫ് റെസ്പിരേറ്ററി കെയറിന്റെ (മാർക്) സമ്മർ പിക്നിക് 10 ശനിയാഴ്ച സ്കോക്കിയിലുള്ള ലറാമി പാർക്കിൽ നടക്കും.

ഷിക്കാഗോയിലും പരിസര പ്രദേശങ്ങളിലുമുള്ള റെസ്പിരേറ്ററി തെറാപ്പിസ്റ്റുകളുടെ മാതൃസംഘടനയായ മാർക്കിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പിക്നിക്കിന്റെ ജനറൽ കോർഡിനേറ്റർ ഷാജൻ വർഗീസ് ആണ്. കോർഡിനേറ്റേഴ്സായി നവീൻ സിറിയക്, ബെൻസി ബെനഡിക്ട്, സമയ ജോർജ്, ഷൈനി ഹരിദാസ്, ടോം കാലായിൽ എന്നിവർ പ്രവർത്തിക്കുന്നു.

കുട്ടികൾക്കും മുതിർന്നവർക്കുംവേണ്ടിയുള്ള വിവിധ കായിക മത്സരങ്ങളും നിരവധി വിനോദപരിപാടികളും ഉൾക്കൊള്ളിച്ചിരിക്കുന്നു. വിവിധ ഹോസ്പിറ്റൽ സിസ്റ്റംസിലെ തെറാപ്പിസ്റ്റുകൾ തമ്മിൽ മാർക് എവർറോളിങ് ട്രോഫിക്കുവേണ്ടി മാറ്റുരയ്ക്കുന്ന വടംവലി മത്സരം പിക്നിക്കിന്റെ പ്രത്യേകതയാണ്.

തിരക്കിട്ട ജീവിതത്തിനിടയിൽ തെറാപ്പിസ്റ്റുകളുടെ കുടുംബങ്ങൾ തമ്മിൽ പരിചയപ്പെടുന്നതിനും സുഹൃദ് ബന്ധം സ്ഥാപിക്കുന്നതിനും ഒരുമിച്ച് ഉല്ലസിക്കുന്നതിനും ഈ പിക്നിക്ക് സഹായിക്കുമെന്ന് പ്രസിഡന്റ് യേശുദാസൻ ജോർജും, ജനറൽ കൺവീനർ ഷാജൻ വർഗീസും അറിയിച്ചു.

എക്സിക്യൂട്ടീവ് അംഗങ്ങളായ റോയി ചേലമലയിൽ, ജയ്മോൻ സ്കറിയ, ഷാജു മാത്യു, സണ്ണി കൊട്ടുകാപ്പള്ളി, ജോൺ ചിറയിൽ, സാം തുണ്ടിയിൽ, സ്കറിയാക്കുട്ടി തോമസ്, വിജയ് വിൻസെന്റ്, ജോസ് കല്ലിടുക്കിൽ, റഞ്ചി വർഗീസ്, മാക്സ് ജോയി, സനീഷ് ജോർജ്, റജിമോൻ ജേക്കബ് എന്നിവർ നേതൃത്വം നൽകുമെന്ന് സെക്രട്ടറി റോയി ചേലമലയിൽ അറിയിച്ചു.

# ഷിക്കാഗോ മലയാളി അസോസിയേഷൻ ഓണാഘോഷം



*ഷിക്കാഗോ:* ഷിക്കാഗോ മലയാളി അസോസിയേഷൻ നടത്തുന്ന ഓണാഘോഷം സെപ്റ്റംബർ 2 ശനിയാഴ്ച വൈകിട്ട് 4ന് ഷിക്കാഗോ താഫ്റ്റ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തുന്നു.

രഞ്ജൻ ഏബ്രഹാം, ജിമ്മി കണിയാലി, ഫിലിപ്പ് പുത്തൻപുരയിൽ, ജോൺസൺ കണ്ണൂക്കാടൻ, ജിതേഷ് ചുങ്കത്ത്, ഷാബു മാത്യു എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ഈ വർഷത്തെ ഓണാഘോഷം നടക്കുന്നത്.

മലയാള ചലച്ചിത്ര സീരിയിൽ രംഗത്തുനിന്നുള്ള താര സാന്നിധ്യവും അമേരിക്കൻ മലയാളി നേതൃത്വത്തിന്റെ പ്രതിനിധികളും പങ്കെടുക്കും.

കലാസന്ധ്യയിൽ പരിപാടികൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നവർ ജിമ്മി കണിയാലി (630 903 7680), സിബിൾ ഫിലിപ്പ് (630 687 2241) എന്നിവരുമായി ബന്ധപ്പെടണമെന്ന് പ്രസിഡന്റ് രഞ്ജൻ ഏബ്രഹാം അറിയിക്കുന്നു.

അച്ചൻകുഞ്ഞ് മാത്യു, ചാക്കോ തോമസ് മറ്റത്തിപ്പറമ്പിൽ, ജേക്കബ് മാത്യു പുറയമ്പള്ളിൽ, ജോസ് സൈമൺ മുണ്ടപ്ലാക്കിൽ, ജോഷി മാത്യു പുത്തൂരാൻ, ജോഷി വള്ളിക്കളം, മനു നൈനാൻ, മത്യാസ് പുല്ലാപ്പള്ളിൽ, ഷിബു മുളയാനിക്കുന്നേൽ, സിബിൾ ഫിലിപ്പ്, സ്റ്റാൻലി കളരിക്കമുറിയിൽ, സണ്ണി മൂക്കേട്ട്, സഖറിയ ചേലയ്ക്കൽ, ടോമി അമ്പനാട്ട്, ബിജി സി മാണി എന്നിവരാണ് ഡയറക്ടർ ബോർഡ് മെമ്പേഴ്സ്.

# ഇല്ലിനോയി മലയാളി അസോസിയേഷൻ അനുശോചിച്ചു.

*ഷിക്കോഗോ:* ഇല്ലിനോയി മലയാളി അസോസിയേഷൻ മാത്തച്ചൻ തുരുത്തിക്കരയുടെ നിര്യാണത്തിൽ അനുശോചിച്ചു. സംഘടനയുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റായ കുര്യൻ തുരുത്തിക്കരയുടെ സഹോദരനാണ് മാത്തച്ചൻ തുരുത്തിക്കര. സാം ജോർജ്, ജോസി കുരിശിങ്കൽ, രാജു പാറയിൽ, ചന്ദ്രൻപിള്ള, മറിയാമ്മ പിള്ള, ജോയി ചെമ്മാച്ചേൽ, മാത്യു ചാണ്ടി, സിറിയക് കൂവക്കാട്ടിൽ, ജോർജ് മാത്യു, അനിയൻ പിള്ള, ജോർജ് പണിക്കർ, ജെയ്സൺ കുളങ്ങര, പോൾ പറമ്പി, റോയി കണ്ണോത്തറ, സ്റ്റീഫൻ ചൊള്ളമ്പേൽ, സണ്ണി മേലേടം എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# നോർത്ത് അമേരിക്കയിലെ ക്നാനായ കാത്തലിക് റീജിയൻ ഫാമിലി കോൺഫറൻസ്




*ഷിക്കാഗോ:* നോർത്ത് അമേരിക്കയിലെ ക്നാനായ കാത്തലിക് റീജിയന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പ്രഥമ ഫാമിലി കോൺഫറൻസിനുവേണ്ടിയുള്ള തീം സോങിനുവേണ്ടി ക്ഷണിച്ച രചനകളിൽനിന്നും നിരവധി പേരേ പിന്തള്ളി മിനിസോർട്ടയിൽ നിന്നുള്ള സിറിൾ മുകളേൽ രചിച്ച ഗാനം തെരഞ്ഞെടുക്കപ്പെട്ടു. മുപ്പതോളം രചനകളെ പിന്തള്ളിയാണ് ഫാമിലി കോൺഫറൻസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ച പ്രത്യേക സ്ക്രീനിങ് കമ്മിറ്റി സിറിൾ മുകളിന്റെ രചനയെ തെരഞ്ഞെടുത്തത്.

പ്രവാസി ക്നാനായ സമൂഹത്തിലും അമേരിക്കൻ മലയാളികളുടെ ഇടയിലും സുപരിചിതനായ സാഹിത്യകാരനാണ് സിറിൾ മുകളേൽ. പല മാധ്യമങ്ങളിലും പ്രസിദ്ധീകരണങ്ങളിലും പതിവായി കവിതകൾ എഴുതുന്നതിനു പുറമെ മലയാളത്തിലെ മുൻനിര സംഗീത സംവിധായകർക്ക് വേണ്ടി നിരവധി ഗാനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. പ്രശസ്ത സംഗീത സംവിധായകൻ പീറ്റർ ചേരാനല്ലൂർ സംഗീത സംവിധാനം നിർവ്വഹിച്ച ഈ ഗാനത്തിന് പ്രശസ്ത പിന്നണി ഗായകൻ ഫ്രാങ്കോ, റാണി, സിബി, സിജി, റിൻസി എന്നിവരും ചേർന്നാണ് ശബ്ദം നൽകിയിരിക്കുന്നത്. ജൂൺ 30 മുതൽ ജൂലൈ 2 വരെ ചിക്കാഗോയിലെ ഇരു ക്നാനായ ദേവാലയങ്ങളിലുമായി നടത്തപ്പെടുന്ന കോൺഫറൻസിന്റെ ഭാഗമായി ജൂൺ 30 വെള്ളിയാഴ്ച വൈകുന്നേരം നടത്തപ്പെടുന്ന കലാ സന്ധ്യയുടെ ആമുഖനൃത്തത്തിന്റെ ഭാഗമായി ഈ മനോഹര ഗാനം അവതരിപ്പിക്കപ്പെടും. നിരവധി യുവതീയുവാക്കളും മുതിർന്നവരും ചേർന്നു ചുവടുകൾ വയ്ക്കുന്ന ഈ നൃത്താവിഷ്കാരം നടക്കുന്ന വേദിയിൽ വെച്ചുതന്നെ മികച്ച ഗാനരചനയ്ക്കുള്ള പുരസ്കാരം സിറിൾ മുകളേലിനു നല്കും.

കാത്തോലിക്ക വിശ്വാസവും ക്നാനായ പാരമ്പര്യങ്ങളും അതിന്റെ തനിമയിലും അർത്ഥത്തിലും മനസ്സിലാക്കുവാനും അവയെ ക്നാനായ കുടുംബങ്ങളിൽ പരിപോഷിപ്പിക്കുവാനുമുള്ള ഊർജ്ജം പകരുക എന്നതാണ് കോൺഫറൻസിന്റെ ദൗത്യം. ഫാമിലി കോൺഫറൻസിൽ പങ്കെടുത്ത് അറിവുകൾ നേടുവാനും വളരുവാനുമായി നോർത്ത് അമേരിക്കയിലെ എല്ലാ ക്നാനായ സമുദായംഗങ്ങളെയും ചിക്കാഗോയിലേക്ക് ക്ഷണിക്കുന്നതായി ഫാമിലി കോൺഫറൻസ് ചെയർമാനും ക്നാനായ റീജനൽ ഡയറക്ടറുമായ മോൺ തോമസ് മുളവനാൽ അറിയിച്ചു.

# കേരള ക്ലബിന്റെ ആഭിമുഖ്യത്തിൽ കമ്യൂണിറ്റി ഡേ




*ഡിട്രോയ്റ്റ്:* കേരള ക്ലബിന്റെ ആഭിമുഖ്യത്തിൽ 3 ശനിയാഴ്ച രാവിലെ 11 മുതൽ സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് ഓഡിറ്റോറിയത്തിൽ കമ്യൂണിറ്റി ഡേ സംഘടിപ്പിക്കുന്നു.

വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ദ്ധർ സെമിനാറുകൾക്ക് പുറമെ ഹെർത്ത് സ്ക്രീനിങ്, മെഡിക്കൽ കൺസൾട്ടേഷൻ, വിൻ ട്രസ്റ്റ് അറ്റോർണി, ഇമിഗ്രേഷൻ അറ്റോർണി, റിയൽ എസ്റ്റേറ്റ്, നഴ്സസ് അപ്രിസിയേഷൻ, ഫാമിലി സർവീസ്, എഡ്യുക്കേഷൻ കൗൺസിലിങ് എന്നീ മേഖലകളിൽ സൗജന്യമായി സേവനം നല്കുന്നു.

രണ്ടു മുതൽ ഏഴുവരെ ഗ്രേഡുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്ത് വൊക്കാബുലറി മത്സരവും സംഘടിപ്പിക്കുന്നു. പ്രവേശനം സൗജന്യം. വിവരങ്ങൾക്ക്: ജെയിൻ മാത്യൂസ് 248 251 2256, ധന്യ മേനോൻ 313 618 5098, സുജിത് മേനോൻ 248 655 1566, കാർത്തി ഉണ്ണിക്കൃഷ്ണൻ 248 821 9737, ഡോ.ഗീത നായർ 248 895 5905.

# നിര്യാതരായി

## ചിന്നമ്മ തോമസ്



*ഷിക്കാഗോ:* കിടങ്ങന്നൂർ കൊല്ലക്കുഴിയിൽ പരേതനായ മാമ്മൻ തോമസിന്റെ ഭാര്യ ചിന്നമ്മ തോമസ് (92) നിര്യാതയായി. ഇടയാറന്മുള ചെല്ലിയിൽ കുടുംബാംഗമാണ്.

സംസ്കാരം കിടങ്ങന്നൂർ സെന്റ് തോമസ് മാർത്തോമ ദേവാലയത്തിൽ നടന്നു.

മക്കൾ: ലീല കാർമ്മൽ, തോമസ് മാമ്മൻ, സാറാമ്മ തോമസ്, സാം മാമ്മൻ തോമസ്, സാലി വർഗീസ്. മരുമക്കൾ; ജോൺ കാർമ്മൽ, സാറാമ്മ മാമ്മൻ, സാം തെക്കനാൽ തോമസ്, ലാലു തോമസ്, തോമസ് വർഗീസ് (എല്ലാവരും ഷിക്കാഗോയിൽ)

അനുശോചനത്തിന്: സാം മാമ്മൻ തോമസ് )0468 2286 002), മാത്യു വർഗീസ് (9947 442677)

## മേരി വർഗീസ്



*ഡാളസ്:* തൃശൂർ പുലിക്കോട്ടിൽ പരേതനായ പാവുവിന്റെയും അച്ചാമ്മയുടെയും മകളും പുലിക്കോട്ടിൽ വർഗീസിന്റെ ഭാര്യയുമായ മേരി വർഗീസ് (63) നാട്ടിൽ നിര്യാതയായി. മാധ്യമപ്രവർത്തകനും ഇന്ത്യൻ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ജോയിന്റ് സെക്രട്ടറിയുമായ പി.പി.ചെറിയാന്റെ സഹോദരിയാണ്.

മക്കൾ: വിൽസൺ വർഗീസ് (ഷാർജ), ശാന്ത ജേക്കബ്, ഷീലാ സണ്ണി, ഷീജാ തമ്പി. മരുമക്കൾ: സുമ വിൽസൺ (ഷാർജ), ജേക്കബ്, സണ്ണി, തമ്പി.

സഹോദരങ്ങളായ പി.പി. സൈമൺ, ശോശാമ്മ തോമസ്, ഗ്രേയ്സി ജോർജ്, അന്നാമണി തോമസ് എന്നിവർ ഡാളസിലാണ്.

സംസ്കാരം മെയ് 30ന് നടന്നു. അനുശോചനത്തിന് പി.പി.ചെറിയാൻ 214 450 4170. ജീമോൻ അറിയിച്ചതാണിത്.

## തോമസ് വർഗീസ്



*താമ്പ:* അമേരിക്കയിലെ ആദ്യകാല കുടിയേറ്റക്കാരിൽ ഒരാളായ തോമസ് വർഗീസ് (രാജൻ-75) നിര്യാതനായി. മലയാളം, ഹിന്ദി, തമിഴ് തുടങ്ങി നിരവധി ഭാഷകളിൽ നിരവധി വേദികളിൽ പ്രോഗ്രാമുകൾ അവതരിപ്പിച്ചിട്ടുണ്ട്. ഫോട്ടോഗ്രാഫർ, നടൻ, സംവിധായകൻ, ഗായകൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ചങ്ങനാശേരി എസ്.ബി. കോളജിൽ നിന്നും കെമിസ്ട്രിയിൽ ബിരുദം നേടിയ ശേഷം മദ്രാസ് പാരീസ് കമ്പനിയിൽ ചീഫ് എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ചു. മലേഷ്യയിൽ എഞ്ചിനീയറായിരിക്കെ 1965ൽ അമേരിക്കയിലെത്തി.

മലയാളി അസോസിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡ അടക്കമുള്ള എല്ലാ അസോസിയേഷനുകളിലും നിറസാന്നിധ്യമായിരുന്നു.

മാരാമൺ ചക്കോളമണ്ണിൽ പരേതനായ സി.വി.വർഗീസിന്റെയും റേച്ചൽ വർഗീസിന്റെയും പുത്രൻ. കോട്ടയം കുളങ്ങരയിൽ മോളിയാണ് ഭാര്യ.

മക്കൾ: ബീന റേച്ചൽപോൾ, റ്റീനാ സൂസൻ ജോസഫ്, സാജൻ, സുജിത്ത്, സഞ്ജീവ്. മരുമക്കൾ: ഡോ.പോൾസൺ, ഡോ.ഓജി ജോസഫ്, ഡോ.ജോയിസ് തോമസ്, ഹൈസൽ തോമസ്.

സംസ്കാരം മെയ് 28ന് ഫ്ളോറിഡയിൽ നടന്നു.

അനുശോചനത്തിന്: സോണി കുളങ്ങര 813 453 2224, ബിജോയ് മാത്യു 813 842 1263.

## അന്നമ്മ മാത്യു



*ന്യൂയോർക്ക്:* കുറിയന്നൂർ താണിക്കപുറത്തേട്ട് തോമസ് മാത്യുവിന്റെ ഭാര്യ അന്നമ്മ മാത്യു (82) ന്യൂയോർക്കിൽ നിര്യാതയായി.

മക്കൾ: ലജി (ന്യൂയോർക്ക്) റജി (പെൻസിൽവേനിയ), ലിനി (ഹരിയാന). പരേതനായ സജി. മരുമക്കൾ: ഐഡ, തിലക. സംസ്കാരം 2 വെള്ളിയാഴ്ച ഈസ്റ്റ് ഫ്യൂണറൽ ഹോമിൽ.

അനുശോചനത്തിന്

റജി (അനി) 570 242 1712, തിലക് 570 664 3076.

വാർത്ത നൽകിയത് പി.പി. ചെറിയാൻ.

# കാത്തലിക് ഫെറോനാ ദേവാലയത്തിൽ വചനപ്രഘോഷണം




*മയാമി:* കോറൽ സ്പ്രിംഗ് ഔവർ ലേഡി ഓഫ് ഹെൽത്ത് കാത്തലിക് ഫെറോനാ ദേവാലയത്തിൽ സുപ്രസിദ്ധ വചന പ്രഘോഷകൻ റവ. ഡോ.റോയി പുലിശേരിയുറുമ്പിൽ എം.സി.ബി.എസും, അത്ഭുത രോഗശാന്തി വരത്താൽ അനുഗ്രഹീതനും വചനപ്രഘോഷകനുമായ ബ്രദർ സാബു ആറുതൊട്ടിലിലും നേതൃത്വം നൽകുന്ന ബൈബിൾ കൺവൻഷനും സൗഖ്യദാന ശുശ്രൂഷയും 9 മുതൽ 11 വരെ.

9 വെള്ളിയാഴ്ച വൈകുന്നേരം 5ന് വിശുദ്ധ കുർബാനയോടുകൂടി ധ്യാനം ആരംഭിക്കും. ശനിയാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 5 വരെയും ഞായറാഴ്ച രാവിലെ 8.30 മുതൽ വൈകിട്ട് 5 വരെ ധ്യാനവും.

പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് വികാരി ഫാ.തോമസ് കടുകപ്പള്ളി അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ഫാ.തോമസ് കടുകപ്പള്ളി (954 579 3743), ബിനോയി ജോർജ് (954 529 4117), സ്കറിയ പൊരുന്നകരോട്ട് (305 803 9248), മനോജ് ഏബ്രഹാം (305 781 4127)

# ഫ്രീഡിയ എന്റർടൈൻമെന്റും ഫ്ളവേഴ്സും ചേർന്ന് പുരസ്കാരനിശ




**ബിജു ജോൺ**

*ന്യൂയോർക്ക്:* ഫ്രീഡിയ എന്റർടൈൻമെന്റും ഫ്ളവഴ്സ് ടി.വിയും ചേർന്ന് മലയാളികൾക്കായി പുരസ്കാര നിശ സംഘടിപ്പിക്കുന്നു. ജൂലൈ 22ന് ലെഹ്മാൻ കോളജിൽ വൈകുന്നേരം 5ന് പരിപാടികൾക്ക് തുടക്കം. നോർത്ത് അമേരിക്കൻ ഫിലിം അവാർഡ്സ് എന്ന പേരിൽ സംഘടിപ്പിക്കുന്ന പാരിപാടിക്ക് ഹെഡ്ജ് ഇവന്റ്സും മീഡിയ കണക്ടുമാണ് ആതിഥേയത്വം വഹിക്കുന്നത്.

അമേരിക്കൻ ഐക്യനാടുകളിൽ മലയാള സിനിമക്ക് ലഭിക്കുന്ന പുരസ്കാരത്തിളക്കമായ നോർത്ത് അമേരിക്കൻ ഫിലിം അവാർഡ് നിശയിൽ മലയാളികളുടെ പ്രിയങ്കരരായ നിവിൻ പോളി, കുഞ്ചാക്കോ ബോബൻ, ആശ ശരത്, മഞ്ജു വാര്യർ, ടോവിനോ തോമസ്, അപർണ ബാലമുരളി, രമേഷ് പിഷാരടി, ഭാവന, രഞ്ജിത് പണിക്കർ, അജു വർഗീസ്, ചെമ്പൻ വിനോദ് തുടങ്ങിയ താരനിരകൾ പങ്കെടുക്കും. ഒപ്പം ഹിന്ദി, തമിഴ് സിനിമകളിലെ പ്രമുഖരും.





# സംഗീത നാടക അക്കാദമി ൬൦ലേക്ക്



**കേരള സംഗീത നാടക അ ക്കാദമി അറുപതാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. കേരളത്തിന്റെ പൈതൃകവും പാരമ്പര്യവും പരിപോഷിപ്പിക്കുന്ന ഒട്ടേറെ കലാരൂപങ്ങളുടെ സംരക്ഷണ കേന്ദ്രം എന്ന നിലയിൽ ഇനിയും ഒട്ടേറെ പദ്ധതികൾ അക്കാദമിക്ക് വജ്രജൂബിലി ആഘോഷത്തിന്റെ ഭാഗമായി നടപ്പിലാക്കുവാനുണ്ട്.**

ജോർജ് തഴക്കര

മലയാളക്കരയിലെ വ്യത്യസ്ത കലകളെ പരിപോഷിപ്പിക്കുന്നതിനായി 1958 ഏപ്രിൽ 26ന് ആരംഭിച്ച സാംസ്കാരിക സ്ഥാപനമാണ് സംഗീത നാടക അക്കാദമി. കേരളപ്പിറവിക്കുശേഷം അധികാരത്തിലേറിയ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ദീർഘവീക്ഷണത്തിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയായിരുന്ന പ്രൊഫ.ജോസഫ് മുണ്ടശ്ശേരിയുടെ നേതൃത്വത്തിലാണ് ഈ സാംസ്കാരിക സ്ഥാപനം തൃശൂരിൽ ആരംഭിച്ചത്. 1956ൽ ആരംഭിച്ച കേരള സാഹിത്യ അക്കാദമിയിലാണ് ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവാണ് കേരള സംഗീത നാടക അക്കാദമിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്. സംഗീത വിദുഷിയായ മങ്കുതമ്പുരാനായിരുന്നു അക്കാദമിയുടെ ആദ്യത്തെ അദ്ധ്യക്ഷ. പി.കെ.നമ്പ്യാർ ആദ്യ സെക്രട്ടറിയും. പിന്നീട് ഇതിന്റെ പ്രവർത്തനം സ്വരാജ് റൗണ്ടിനടുത്തും, നായ്ക്കനാലിനടുത്തുമുള്ള കെട്ടിടങ്ങളിൽ മാറിമാറി അഞ്ചുവർഷക്കാലം തുടർന്ന് പ്രവർത്തിച്ചു. സംഗീതനാടക അക്കാദമിക്കുവേണ്ടി നിർമ്മിച്ച മോഡൽ റീജിയണൽ തീയറ്ററിന്റെ നിർമ്മാണത്തോടെയാണ് 1966 മുതൽ അക്കാദമിക്ക് സ്വന്തമായ കെട്ടിടമുണ്ടാകുന്നത്. അതിന്റെ ബാൽക്കണിയിലാണ് ഓഫീസ് പ്രവർത്തിച്ചത്. പതിനാറു വർഷം അവിടെ പ്രവർത്തിച്ചു. 1982 ജൂലൈ 16 മുതൽ ചെമ്പൂകാവിലുള്ള കാര്യാലയത്തിലേക്ക് മാറി. നാട്യഗൃഹവും കലാകാരന്മാർക്കുള്ള കോട്ടേജുകളും ലൈബ്രറിയും മ്യൂസിയവും ഉൾപ്പെടുന്ന അക്കാദമി ക്യാമ്പസ് കേരളീയ കലകളുടെ സംഗമഭൂമിയാണ്.

സംഗീതം, നാടകം, നൃത്തം, നാടൻകലകൾ, കഥാപ്രസംഗം, മാജിക്, നിലവിലുള്ള അനുഷ്ഠാനകലകൾ എന്നിവയുടെ പരിപോഷണമാണ് സംഗീത നാടക അക്കാദമിയുടെ ലക്ഷ്യം. വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ, സംഘടനകൾ തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുക, വിവിധ കലകളുടെ പ്രോത്സാഹനത്തിനായി വർക്ക്ഷോപ്പുകളും സെമിനാറുകളും നടത്തുക, കലകളുമായി ബന്ധപ്പെട്ട കൃതികളും ദൃശ്യ ശ്രാവ്യ സി.ഡികളും പ്രസിദ്ധീകരിക്കുക, പ്രഗത്ഭരായ കലാകാരന്മാരെ ആദരിക്കുക, കലാരൂപങ്ങളുടെ വളർച്ചയ്ക്കും പരിപോഷണത്തിനുമായി പ്രോത്സാഹനങ്ങളും അവാർഡുകളും നൽകുക, മറ്റു സംസ്ഥാനങ്ങളിലുള്ള നൃത്തം, നാടകം, സംഗീതം തുടങ്ങിയ പരിപാടികൾ പരിചയപ്പെടുത്തുക, ഇവിടെയുള്ള കലാരൂപങ്ങൾ മറ്റു സംസ്ഥാനങ്ങളിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ അവതരിപ്പിക്കുക, അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകുക, കേന്ദ്ര സംഗീത നാടക അക്കാദമിയുടെയും മറ്റു സംസ്ഥാനങ്ങളിലെ അക്കാദമിയുടെയും സഹകരണത്തോടെ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ.

തിരു-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ (ആക്ട്) പ്രകാരം 1985ലാണ് രജിസ്ട്രർ ചെയ്യുകയും ആ വർഷം തന്നെ സർക്കാർ ഉത്തരവു പ്രകാരം കേരള സംഗീത നാടക അക്കാദമി സർക്കാരിന്റെ സാംസ്കാരിക സ്ഥാപനമായി മാറുകയും ചെയ്തു.

ലക്ഷ്മിനാരായണൻ നായർ, സി.ഐ.പരമേശ്വരൻപിള്ള, കെ.കൃഷ്ണൻ, ഡോ.കെ.ജെ.യേശുദാസ്, പ്രൊഫ.ജി.ശങ്കരപ്പിള്ള, വൈക്കം ചന്ദ്രശേഖരൻനായർ, പി.ഭാസ്കരൻ, ടി.ആർ.സുകുമാരൻ നായർ, കെ.ടി.മുഹമ്മദ്, ടി.എൻ.ഗോപിനാഥൻ നായർ, കാവാലം നാരായണപ്പണിക്കർ, എം.കെ.ജോസഫ്, തിക്കൊടിയൻ, സി.എൽ.ജോസ്, ഭരത് മുരളി, മുകേഷ്, സൂര്യ കൃഷ്ണമൂർത്തി എന്നിവരായിരുന്നു തുടർന്നുള്ള ചെയർമാന്മാർ.

ജനറൽ കൗൺസിൽ, ഭരണ നിർവ്വഹണ സമിതി, ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി എന്നിവയാണ് കേരള സംഗീത നാടക അക്കാദമിയുടെ ഭരണ കാര്യങ്ങളുമായി ബന്ധപ്പെട്ട വിഭാഗങ്ങൾ.

ജനറൽ കൗൺസിലിൽ 32 അംഗങ്ങളാണുള്ളത്. ചെയർമാൻ, വൈസ്ചെയർമാൻ, സെക്രട്ടറി, ട്രഷറർ, സാംസ്കാരിക വകുപ്പ് സെക്രട്ടറി, ധനകാര്യവകുപ്പ് സെക്രട്ടറി എന്നിവരെ കൂടാതെ കേരള സാഹിത്യ അക്കാദമി, കേരള ലളിത കലാ അക്കാദമി, കേരള കലാമണ്ഡലം, കേരള ഫോക്‌ലോർ അക്കാദമി, കേരള ചലച്ചിത്ര അക്കാദമി, കേരള മൾട്ടിപർപ്പസ് കൾച്ചറൽ കോംപ്ലക്സ് എന്നിവയുടെ പ്രതിനിധികളും; സംഗീതം, നൃത്തം, നാടകം, നാടൻകലകൾ, കഥാപ്രസംഗം, കഥകളി, പരമ്പരാഗത കലകൾ, ജനകീയ കലാരൂപങ്ങളായ തെയ്യം, പടയണി, മുടിയേറ്റ്, ആദിവാസി കല തുടങ്ങിയവയുടെ പ്രതിനിധികളായ സർക്കാർ നിർദ്ദേശിക്കുന്ന പതിനാലുപേരും; കർണ്ണാടക സംഗീതം, നൃത്തം, കഥകളി, സിനിമ, നാടകം, നാടൻ കലകൾ, പഞ്ചവാദ്യം, തായമ്പക, എടയ്ക്ക, ചെണ്ട തുടങ്ങിയവയിൽ പ്രഗത്ഭരായ ഏഴു പ്രതിനിധികളും ഉൾപ്പെടുന്നതാണ് ജനറൽ കൗൺസിൽ.

എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് മൂന്നുപേരെയും, ഫിനാൻസി കമ്മിറ്റിയിലേക്ക് ഒരംഗത്തെയും തെരഞ്ഞെടുക്കുക, പ്രഗത്ഭരായ കലാകാരന്മാർക്ക് ഫെലോഷിപ്പുകൾ



നൽകി ആദരിക്കുക, ഭരണ നിർവ്വഹണ സമിതി അവതരിപ്പിക്കുന്ന ബജറ്റിൽ ആവശ്യമെങ്കിൽ ഭേദഗതി വരുത്തുക, വാർഷിക വരവു ചെലവു കണക്കുകൾ അംഗീകരിക്കുക തുടങ്ങിയവയാണ് ജനറൽ കൗൺസിലിന്റെ അധികാരങ്ങൾ.

11 അംഗങ്ങളാണ് ഭരണനിർവ്വഹണസമിതിയിലുള്ളത്. ചെയർമാൻ, വൈസ് ചെയർമാൻ, ട്രഷറർ, സാംസ്കാരികവകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി എന്നിവരെ കൂടാതെ ജനറൽ കൗൺസിലിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നുപേരും ജനറൽ കൗൺസിൽ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന മൂന്നും പേരും കൂടി ചേരുന്നതാണ് അക്കാദമിയുടെ ഭരണനിർവ്വാഹകസമിതി.

അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്നതാണ് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി. അക്കാദമിയുടെ ട്രഷറർ ചെയർമാനായും സാംസ്കാരിക വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും സെക്രട്ടറിമാർ നിർദ്ദേശിക്കുന്ന ഓരോരുത്തരും ഭരണനിർവ്വാഹകസമിതിയിൽ നിന്നുള്ള ഒരാളും ജനറൽ കൗൺസിലിൽ നിന്നും നിർദ്ദേശിക്കുന്ന ഒരാളും അംഗങ്ങളായിട്ടുള്ളതാണ് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി.

കലാരൂപങ്ങളെ സംബന്ധിച്ചും കലാ സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള സാംസ്കാരിക വാർത്തകൾ അവതരിപ്പിക്കുന്ന അക്കാദമിയുടെ മുഖപത്രമാണ് കേളി. 1963ലാണ് ഇതിന്റെ പ്രസിദ്ധീകരണം ആരംഭിച്ചത്. ആദ്യത്തെ വർക്കിങ് എഡിറ്റർ വി.ടി.ഭട്ടതിരിപ്പാടായിരുന്നു. നാടകം, നൃത്തം, സംഗീതം, നാടൻകല, മാജിക് തുടങ്ങിവയെക്കുറിച്ചുള്ള ആധികാരിക പഠനങ്ങളും ഗവേഷണ പ്രബന്ധങ്ങളുമാണ് കേളിയുടെ ഉള്ളടക്കം. ദ്വൈവാരികയായ കേളിയുടെ പത്രാധിപർ നിലവിലുള്ള സെക്രട്ടറിയാണ്.

കേരള സംഗീത നാടക അക്കാദമിയുമായി ബന്ധപ്പെട്ട്



വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. സമൂഹ പരിഷ്കർത്താവും നാടകകൃത്തും കവിയുമായ എം.ആർ.ബിയുടെ സ്മരണക്കായി പ്രവർത്തിക്കുന്ന എം.ആർ.ബി സ്മാരക ഗ്രന്ഥാലയം അതിൽ പ്രധാനമാണ്. സംഗീതം, നൃത്തം, നാടകം എന്നീ കലാവിഭാഗങ്ങളിൽ ഗവേഷണം നടത്തുന്നവർക്കായിട്ടാണ് ഇതിന്റെ പ്രവർത്തനം സജ്ജീകരിച്ചിരിക്കുന്നത്.

പ്രഗത്ഭരായ കലാകാരന്മാരുടെ ശബ്ദസമാഹരണമാണ് ഡിജിറ്റൽ ലൈബ്രറിയിലുള്ളത്. പത്മശ്രീ കുഞ്ചുക്കുറുപ്പ്, ചാച്ചു ചാക്യാർ, ചെമ്പൈ വൈദ്യനാഥഭാഗവതർ, മുകുന്ദരാജ തുടങ്ങിയവരുടെ ശബ്ദലേഖനങ്ങളുടെ ടേപ്പ് ഡിജിറ്റൽ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു. കഥകളി സംഗീതം, കൃഷ്ണനാട്ടം, ഗീതഗോവിന്ദം, രാജസ്ഥാനി നാടോടിപ്പാട്ടുകൾ തുടങ്ങിയവയും സംരക്ഷിച്ചുവരുന്നു.

ഭരത് മുരളിയുടെ സ്മരണക്കായി നാടകം ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് കുടവട്ടൂരിൽ പ്രവർത്തിക്കുന്ന ഭരത് മുരളി നാടക പഠന ഗവേഷണ കേന്ദ്രം.

അക്കാദമിയുടെ ഭരണഘടന അംഗീകരിച്ചിട്ടുള്ള കലാരൂപങ്ങളുടെ പ്രോത്സാഹനത്തിനായി ആ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന കലാസമിതികൾക്ക് അക്കാദമി അംഗീകാരം നൽകി ഗ്രാന്റ് അനുവദിക്കാറുണ്ട്. എല്ലാ വർഷവും ഏപ്രിൽ മാസത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

നാടകങ്ങളും കലാരൂപങ്ങളും അവതരിപ്പിക്കുന്നതിനായി കെ.ടി.മുഹമ്മദിന്റെ സ്മരണക്കായി ഒരു നാട്യഗൃഹം പ്രവർത്തിച്ചുവരുന്നു. അഫിലിയേറ്റ് ചെയ്ത നാടകസമിതികൾക്ക് സൗജന്യനിരക്കിൽ റിഹേഴ്സലുകൾ നടത്തുവാൻ നാട്യഗൃഹം സൗകര്യമൊരുക്കുന്നു. ഓപ്പൺ എയർ തിയറ്ററുകളും വാടകയിനത്തിൽ നൽകുന്നുണ്ട്. കലാകാരന്മാർക്ക് താമസിച്ച് ഗവേഷണപഠനങ്ങൾ നടത്തുന്നതിനുവേണ്ടി നിർമ്മിച്ചിട്ടുള്ളതാണ് ആർട്ടിസ്റ്റ് കോട്ടേജ്.

അക്കാദമി അംഗീകരിച്ചിട്ടുള്ള കലകളുടെ പ്രചാരണത്തിനായി പ്രവർത്തിച്ചുവരുന്ന കലാകാരന്മാരെ അംഗീകരിക്കുന്നതിന്റെ ഭാഗമായി വർഷംതോറും ഫെലോഷിപ്പുകളും അവാർഡുകളും നൽകുന്നു. മൂന്നുപേർക്ക് മുപ്പതിനായിരം രൂപയുടെ മൂന്നു ഫെലോഷിപ്പുകൾ കലാരത്ന എന്ന പേരിൽ നൽകുന്നു. കൂടാതെ 15,000 രൂപയുടെ ഗുരുപൂജ പുരസ്കാരവും (21 പേർക്ക്) 17 പേർക്ക് മറ്റു അവാർഡുകളും നൽകുന്നുണ്ട്. 1972ലാണ് ആദ്യമായി ഫെലോഷിപ്പ് ഏർപ്പെടുത്തിയത്.

ആദ്യ ഫെലോഷിപ്പ് ലഭിച്ചത് സംഗീതവിഭാഗത്തിൽ ചെമ്പൈ വൈദ്യനാഥ ഭാഗവതർക്കായിരുന്നു. നാടകത്തിന് ഫെലോഷിപ്പ് ഏർപ്പെടുത്തിയത് 1975ലാണ്. ആദ്യ നാടക ഫെലോഷിപ്പ് ലഭിച്ചത് കൈനിക്കര കുമാരപിള്ളയ്ക്കായിരുന്നു. നൃത്തവിഭാഗത്തിൽ ഗുരുഗോപിനാഥ് (1972), കഥകളി വിഭാഗത്തിൽ ഗുരു ചെങ്ങന്നൂർ (1975), കൂത്ത് കൂടിയാട്ടം വിഭാഗത്തിൽ മാണി മാധവ ചാക്യാർ (1975), കഥാപ്രസംഗവിഭാഗത്തിൽ വി.സാംബശിവൻ (1980), ലൈറ്റ് മ്യൂസിക്കിന് കെ.രാഘവൻ (1981), കേരളീയ വാദ്യ വിഭാഗത്തിൽ *പല്ലാസന* പദ്മനാഭൻ മാരാ(1981)ർക്കു മാണ് അതാതിനങ്ങളിൽ ആദ്യ ഫെലോഷിപ്പുകൾ ലഭിച്ചത്.

2002ലാണ് അക്കാദമി ഗുരുപൂജ അവാർഡ് ഏർപ്പെടുത്തിയത്. നെല്ലിപ്പള്ളി ബ്രദേഴ്സ് ഉൾപ്പെടെ 11 പേർക്കാണ് ആദ്യവർഷം ഗുരുപൂജ അവാർഡ് നൽകിയത്. 2015 വരെ 267പേർക്കാണ് ഈ അവാർഡ് നൽകിയിട്ടുള്ളത്.

അക്കാദമി വിവിധ അവാർ

*ശേഷം 11-ാം പേജിൽ*

പ്രഭാഷണം



# കൊണ്ടുനടക്കേണ്ടുന്ന വലിയ സ്വപ്നം

പ്രൊഫ.എസ്.ശിവദാസ്

എന്താകണമെന്ന് ഞാൻ കുട്ടികളോടു ചോദിക്കാറുണ്ട്.

എഞ്ചിനീയറാകണം. ചിലർ പറയും.

എന്നിട്ടോ?

ജോലി സമ്പാദിക്കണം.

എന്നിട്ടോ?

നല്ല ശമ്പളം കിട്ടണം.

എന്നിട്ടോ?

കാറുമേടിക്കാം. കല്യാ ണം കഴിക്കാം. സുഖമായിട്ട് ജീവിക്കാം.

എന്നിട്ടോ?

വയസ്സാകും.

എന്നിട്ടോ?

പിന്നെ ചത്തുപോകും.

ഇത്രയുള്ളോ? ഏതായാലും ചത്തുപോകും. ഇതിനാണോ നിങ്ങൾ ജീവിക്കുന്നത്? ഒരു സ്കൂളിൽ പഠിക്കുന്ന കുട്ടികളോടു ചോദിച്ചു.

ആരും മിണ്ടുന്നില്ല.

ഏതെങ്കിലും ഒരു കുട്ടി ലോകത്തിലെ ഏറ്റവും വലിയ എഞ്ചിനീയറാകണം എന്ന് ആഗ്രഹിക്കുന്നുണ്ടോ? അങ്ങനെ ആഗ്രഹിക്കുന്ന കുട്ടികൾ കൈ പൊക്കാൻ പറഞ്ഞു. സത്യം പറയാം, ഒരാളുപോലും കൈപൊക്കിയില്ല.

ഡോക്ടർമാരാകാൻ താല്പര്യമുള്ളവർ എഴുന്നേൽക്കാൻ പറഞ്ഞു. അവരും ഏതാണ്ട് ഇതുപോലെതന്നെയാണ് ചോദ്യത്തിനുത്തരം പറഞ്ഞത്.

ഞാൻ ചോദിച്ചു: ഹൃദയം മാറ്റിവെയ്ക്കുന്ന ഡോക്ടറിനെക്കുറിച്ച് കേട്ടിട്ടുണ്ടോ? അല്ലെങ്കിൽ പെനിസിലിൻ കണ്ടുപിടിച്ച ഡോക്ടർ. അതുപോലെ ഒരു ഡോക്ടറാകണം. ലോകത്തിന്റെ ചരിത്രം മാറ്റിയെഴുതിയ ഒരാൾ. അങ്ങനെയൊരു ഡോക്ടർ ആകാൻ താല്പര്യമുള്ളവർ കൈപൊക്കാൻ പറഞ്ഞു. ആരും കൈപൊക്കിയില്ല.

അങ്ങനെ ചിന്തിക്കുന്ന കുട്ടികൾ ആ സ്കൂളിലില്ല. എങ്ങനെയും ഡോക്ടറാകണം, എങ്ങനെയും പരീക്ഷ പാസാകണം. എന്തെങ്കിലും ഒരു ജോലി കിട്ടണം. എങ്ങനെയെങ്കിലും ജീവിച്ചുപോകണം. ഏതു സ്കൂളിൽ ചെന്നാലും അവിടുത്തെ കുട്ടികൾ പറയുന്നത് ഇതുപോലെയാണ്.

ഞാനിതു പറയാൻ കാരണം നമ്മുടെ കുട്ടികൾ വളരെ ചെറിയ സ്വപ്നങ്ങൾ കാണുന്നവരായി ചുരുങ്ങിയിരിക്കുന്നു. അവർക്ക് വലിയ സ്വപ്നം കാണാനുള്ള ശേഷിയില്ലാതായിരിക്കുന്നു എന്നാണ് ഏറ്റവും നല്ല ഒരു സ്കൂളിലെ കുട്ടികളുടെ പ്രതികരണം നമ്മെ പഠിപ്പിക്കുന്നത്. വലിയ അപകടത്തിലേക്കുള്ള പോക്കാണിത്. എന്തു പഠിച്ചാലും, ഏതു ഡിഗ്രിയെടുത്താലും നിങ്ങൾക്ക് ഒരു വലിയ ലക്ഷ്യം ഒരിക്കലും ഉണ്ടാകാൻ പോകുന്നില്ല.

ഞാൻ കേരളസർക്കാരിനുവേണ്ടി ഒരു സ്ഥാപനത്തിൽ ഇന്റർവ്യൂവിനുപോയി. എല്ലാവരും എം.ഫിൽ കാരും പി.എച്.ഡികാരുമാണ്. പല സബ്ജറ്റുകാരാണ്. ഞാൻ മാത്രമെ അദ്ധ്യാപകനായിട്ടുള്ളു. മറ്റുള്ളവരെല്ലാം ഐ.എസ്.ആർ.ഒയിലെ സയന്റിസ്റ്റും ജേണലിസ്റ്റുമൊക്കെയാണ്. അവരെല്ലാവരും പറഞ്ഞു. സാറല്ലെ സാറ്. സാറു തന്നെ ചോദിക്ക്. സാറെന്ന നിലയിൽ ഞാനാണ് ആദ്യം ചോദിച്ചത്.

ഒരു പെൺകുട്ടി വന്നു. അടിസ്ഥാനപരമായ കാര്യങ്ങളൊക്കെ ചോദിച്ചു. അവൾ മറുപടി പറഞ്ഞു.

ഇപ്പോൾ എന്തുചെയ്യുകയാണ്?

പി.എച്.ഡി. കംപ്ലീറ്റ് ചെയ്തു. കേരള യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ചെയ്യുകയാണ്.

എന്താ വിഷയം?

കെമിസ്ട്രി.

കെമിസ്ട്രി എന്നാൽ എന്താണ്? കെമിസ്ട്രിയെക്കുറിച്ച് എന്തെങ്കിലുമൊന്നു പറയൂ. കുട്ടിക്ക് ഇഷ്ടമുള്ള കാര്യം പറയൂ. കുട്ടിക്ക് ഏറ്റവും രസമുള്ള ഭാഗം പറയാം. ഞങ്ങൾക്ക് കെമിസ്ട്രിയെക്കുറിച്ച് കേട്ട് ആവേശം കൊള്ളാൻ!

അതുവരെ ഭംഗിയായി ഇംഗ്ലീഷിൽ സംസാരിച്ച കുട്ടി പച്ചമലയാളത്തിൽ പറഞ്ഞു. എന്റെ സാറെ. ഇതിനകത്ത് ഒരു രസവുമില്ല. സാറ് ഈ ജോലി തന്നാൽ അപ്പോഴേ ഈ വിഷയം ഉപേക്ഷിക്കാൻ തയ്യാറാണ്.

ആറേഴുവർഷം ഭാര്യഭർത്താക്കന്മാരായി ജീവിച്ചുകഴിഞ്ഞിട്ട് ഇയാളെ ഉപേക്ഷിക്കാൻ തയ്യാറാണെന്നു പറയുന്ന അവസ്ഥയാണ്. പി.എച്.ഡി.എടുത്തിട്ട് നാലുവർഷമായിട്ട് ആ വിഷയത്തിൽ ഗവേഷണം നടത്തിയ കുട്ടി പറയുകയാണ്; ഈ വിഷയത്തിൽ ഒരു രസവുമില്ലായെന്ന്. എന്താ സംഭവിച്ചത്. ഈ കുട്ടി പരീക്ഷക്കുവേണ്ടി പഠിക്കുകയായിരുന്നു. കുട്ടിയൊരിക്കലും തന്റെ വിഷയത്തെ എൻജോയ് ചെയ്തിട്ടില്ല. എവിടെയെങ്കിലും ജോലി കിട്ടും. അവിടെ ഇരിക്കും. അവിടിരുന്ന് മൊരഞ്ഞ് പെൻഷൻ പറ്റി ഒടുവിൽ മരിക്കും.

ഇതല്ല വിദ്യാഭ്യാസം എന്നു പറയുന്നത്. ഇതിൽ നിന്നും ഒരു മാറ്റം നിങ്ങളിലുണ്ടാവണം. ഞാൻ ആരാണെന്ന് ഓരോ കുട്ടിയും മനസ്സിലാക്കണം. എനിക്ക് എന്ത് സാധ്യമാണെന്നുള്ള തിരിച്ചറിവ് ഉണ്ടാകണം. അങ്ങനെയുള്ള ഒരു കുട്ടിയ്ക്ക് മാത്രമെ വലിയ സ്വപ്നം കാണാനുള്ള ശേഷിയുണ്ടാകുകയുള്ളു. സ്വന്തം കഴിവുകളെ തിരിച്ചറിയാതെയാണ് നമ്മുടെ കുട്ടികൾ വളരുന്നത്.

കഴിവുകളെ തിരിച്ചറിയാൻ വേണ്ടി കുട്ടിയേയും തേനീച്ചയേയും തമ്മിൽ താരതമ്യം ചെയ്തു പറയാറുണ്ട്. അസാധാരണശേഷിയുള്ള, പ്രത്യേകതകളുള്ള, ജീവിയാണ് തേനീച്ച. എല്ലാ ജീവികൾക്കും പ്രത്യേകതയുണ്ട്. അതാണ് ദൈവത്തിന്റെ കളി. ഒരെറുമ്പിനായാലും ആനയ്ക്കായാലും ഏതു ജീവിയ്ക്കായാലും നമ്മൾ സ്വപ്നം കാണാത്ത ഒത്തിരി കഴിവുണ്ട്. കുറച്ചുകാലം മുമ്പ് കെനിയൻ കാട്ടിൽ ആനയിൽ ഗവേഷണം നടത്തിയ ഒരു മദാമ്മ. ആനയ്ക്ക് നമ്മൾ കേൾക്കാത്ത ശബ്ദത്തിൽ മറ്റാനകളുമായി സംസാരിക്കാൻ കഴിവുണ്ടെന്നു കണ്ടുപിടിച്ചു. ഒരാന എവിടെയെങ്കിലും വെള്ളമുണ്ടെന്നു കണ്ടാൽ പതിനഞ്ച് ഇരുപതു മിനിട്ടിനകം മൂന്നാലു കിലോമീറ്റർ അകലെയുള്ള ആനക്കൂട്ടങ്ങൾ അവിടേക്ക് ഓടിവരുന്നത് കാണാം. ഇതെങ്ങനെയാണ് സാധിക്കുന്നത്. ഗവേഷണം നടത്തിയ മദാമ്മ കണ്ടുപിടിച്ചു, നമ്മുടെ കേൾവിയുടെ പരിധിക്ക് താഴെയുള്ള ഒരു ശബ്ദത്തിൽ ആന പുറത്തേക്ക് സന്ദേശം വിടുന്നുണ്ടെന്ന്. മസ്തകം വൈബ്രേറ്റ് ചെയ്താണ് സന്ദേശം വിടുന്നത്. ഒരാനയ്ക്ക് മദം പൊട്ടിനിന്ന് ഇണ ചേരാനുള്ള സമയമായെന്ന് വിചാരിക്കുക. അതൊരു സന്ദേശം പുറപ്പെടുവിക്കും. മറ്റ് ആണാനകൾ പേടിച്ചിട്ട് അതിനടുത്തേക്ക് വരില്ല. പെൺ ആന ഇണ ചേരുന്നത് രണ്ടോ മൂന്നോ ദിവസമേയുള്ളു. ഇണചേരുന്ന കാലമാകുമ്പോൾ ഒരാണാന അടുത്തുവന്നാൽ അത് ശക്തനല്ലായെങ്കിൽ പെണ്ണാന ഇഷ്ടമില്ലായ്മയുടെ സന്ദേശം കൊടുക്കും. അകലെ നിൽക്കുന്ന ശക്തനായ ആൺ ആന ഓടിവന്നിട്ട് ഇവനെ ഓടിച്ചുകളഞ്ഞിട്ട് ഇണ ചേരും. ഏറ്റവും ശക്തനായ കുട്ടിയുണ്ടാകുവാനായിട്ട് പ്രകൃതി പാലിച്ചുവരുന്ന ഒരു രീതിയാണിത്. നമ്മൾ സ്വപ്നം കാണാത്ത കഴിവുകൾ ആനയ്ക്കുണ്ട്. ഇതുപോലെ തന്നെയാണ് തേനീച്ചകളുടെ കാര്യവും.

തേനീച്ചയ്ക്ക് അദ്ഭുതകരമായ കഴിവുകളുണ്ട്. ഒരു തേനീച്ച പറന്നുവന്ന് ചെടിയിലുള്ള പൂന്തേൻ കണ്ടുപിടിച്ച് പ്രത്യേക രീതിയിൽ ഡാൻസ് ചെയ്ത് കൂട്ടിലേക്കു വരും. 'ബീ ഡാൻസിംഗ്' എന്നു പറയും. ആ നൃത്തത്തിന്റെ പാറ്റേൺ കണ്ടിട്ടാണ് ഇന്നിടത്ത് തേനുണ്ടെന്നു മനസ്സിലാക്കുന്നതും അവിടെചെന്ന് തേൻ ശേഖരിക്കുന്നതും. തേനീച്ചക്കൂട് ഒരു വലിയ കോളനിയാണെന്നോർക്കുക. ഓരോ അറയിലും നിറച്ചാളുകളാണ്. അവിടെ ഒരു പൊടിപോലും ഉണ്ടാവാൻ പാടില്ല. അതുണ്ടെങ്കിൽ ബാക്ടീരിയ വരും. രോഗം വരും. ഇരുപത്തിനാലു മണിക്കൂറും തേനീച്ച കൂട് വൃത്തിയാക്കിക്കൊണ്ടിരിക്കും. കോഴിയെ വെട്ടിക്കൊന്ന് അതിന്റെ വേസ്റ്റ് പ്ലാസ്റ്റിക് കൂടിലാക്കി റോഡിലെറിയുന്ന സംസ്കാരം അവയ്ക്കില്ല. കൂട് വളരെ വളരെ വൃത്തിയാക്കുന്ന വർക്കേഴ്സ് കൂലിയില്ലാതെ ജോലി ചെയ്യുന്നവരാണ്. ജനനം മുതൽ മരണംവരെ അവരുടെ ജോലി കൂട് വൃത്തിയാക്കുകയാണ്. ഒരുപ്രാവശ്യം ഒരു കൂട്ടിൽ മുപ്പതിനായിരം കുഞ്ഞുങ്ങൾ ഉണ്ടായെന്നിരിക്കട്ടെ. ഒരു റാണി മാത്രമെ ഉണ്ടായിരിക്കുകയുള്ളു. റാണി വയസായാൽ മറ്റൊരു റാണിയെ സൃഷ്ടിക്കും. അതെങ്ങനെയാണെന്നോ. ഒരു കുഞ്ഞിനെ സിലക്ട് ചെയ്യും. ആ കുഞ്ഞിനുമാത്രം പ്രത്യേകമായ ആഹാരം കൊടുക്കും. ആ ആഹാരത്തിന്റെ പേരാണ് റോയൽ ജെല്ലി. ഇപ്പോൾ റോയൽ ജെല്ലി വേർതിരിച്ചെടുത്ത് വില്പനയ്ക്കു വച്ചിട്ടുണ്ട്. പ്രോട്ടീൻ റിച്ച് ഫുഡാണ്. റോയൽ ജെല്ലി നൽകി ഒരു കുഞ്ഞിനെ റാണിയാക്കി മാറ്റുകയാണ്. മുട്ടയിടാൻ കഴിവുള്ള പൂർണ്ണതയുള്ള ഫീമെയിൽ. ബാക്കിയുള്ളതിനെ വേറൊരുതരം ആഹാരം കൊടുത്ത് വർക്കേഴ്സാക്കി മാറ്റും. പത്തോ നൂറോ പേരെ പ്രത്യേക ആഹാരം നൽകി ആണാക്കി മാറ്റും. മടിയന്മാരാണവർ. അവർക്ക് ഒരുജോലിയെ ഉള്ളൂ. റാണിയുമായി ഒരിക്കൽ ഇണചേരുക. സിസ്റ്റമാറ്റിക്കായി കോളനി സംരക്ഷിക്കുന്നവരാണ് തേനീച്ചകൾ. ലോകപ്രശസ്തനായ ഒരു ബയോളജി പ്രൊഫസർ ഒരിക്കൽ പറഞ്ഞു: ലോകത്ത് ഒരു സ്ഥലത്തേ സോഷ്യലിസമുള്ളു. അല്ലെങ്കിൽ കമ്യൂണിസമുള്ളു. അത് തേനീച്ചക്കൂട്ടിലാണ്. എല്ലാവർക്കും വേണ്ടിയാണ് അവർ ജീവിക്കുന്നത്. അത്ര ഉയർന്ന ബോധമുണ്ട് തേനീച്ചകൾക്ക്. ഇതെങ്ങനെ സാധിക്കുന്നു. ഗവേഷണം നടത്തിയ ശാസ്ത്രജ്ഞന്മാർ പറഞ്ഞു: ഇത്രയും ചെറിയ ഈ തേനീച്ചയുടെ ബ്രെയ്നിലുള്ള കോശങ്ങളുടെ (ന്യൂറോൺസ്) എണ്ണം പത്തുലക്ഷമാണ്. ഓരോ കോശത്തിനും ശാഖകളുണ്ട്. ഒന്ന് മറ്റൊന്നുമായി ബന്ധിച്ചിരിക്കുന്നു. ഒരു ന്യൂറോൺ ഒരു കൊച്ചു കമ്പ്യൂട്ടറാണ്. അങ്ങനെ പല ന്യൂറോണുകൾ ചേർന്ന് നെറ്റ്‌വർക്ക് കണക്ഷൻസുണ്ടാക്കുന്നു. ഒരു തേനീച്ചയുടെ തലയിലുള്ള ന്യൂറോൺസിന്റെ എണ്ണം പത്തുലക്ഷം. വെറുതെയല്ല തേനീച്ച ഇത്ര ബുദ്ധി കാണിക്കുന്നത്. പൂന്തേൻ ഒരു ലാബിൽ കൊടുത്താൽ തേനായി കിട്ടില്ല. അതു തേനാക്കാനുള്ള കഴിവ് തേനീച്ചയ്ക്കു മാത്രമേയുള്ളു. തേനീയ്ച്ചക്കു മാത്രമെ പൂന്തേനിനെ തേനാക്കി മാറ്റുവാനുള്ള കഴിവുള്ളു. വയറ്റിൽ ശേഖരിച്ചുവെച്ച് എൻസൈം ഉപയോഗിച്ച് വിഭജിച്ച് അതിലെ പഞ്ചസാരയെ രണ്ടാക്കി മുറിച്ച് ഗ്ലൂക്കോസും ഫ്രെക്റ്റോസുമാക്കി മാറ്റി, ന്യൂട്രീഷൻ കൂട്ടിയാണ് തേൻ ഉണ്ടാക്കുന്നത്. അത് വലിയൊരു പ്രിപ്പറേഷനാണ്. പൂന്തേൻ അഞ്ചു മിനിറ്റുകൊണ്ട് പുളിച്ചുപോകും. തേനീച്ച ഉണ്ടാക്കുന്ന തേൻ അയ്യായിരം വർഷം കഴിഞ്ഞാലും കേടില്ലാതെയിരിക്കും. ഈജിപ്തിൽ മമ്മികളുടെ കൂടെ തേൻകുപ്പിയും കണ്ടെത്തിയിട്ടുണ്ട്. ഈ തേനിന് യാതൊരു കേടുമില്ല. ബയോ ടെക്നോളജി എഞ്ചിനീയേഴ്സാണ് തേനീച്ചകൾ. ഇതെല്ലാം സാധിക്കുന്നത് ബ്രെയ്നിൽ പത്തുലക്ഷം ന്യൂറോൺസുകൾ ഉള്ളതുകൊണ്ടാണ്. അല്ലെങ്കിൽ 10 ലക്ഷം മൈക്രോ കംപ്യൂട്ടറുകൾ ഉള്ളതുകൊണ്ടാണ്.

നമ്മുടെ തലയിൽ, അതായത് ബ്രെയ്നിൽ എത്ര ന്യൂറോൺസുകൾ കാണും. പതിനായിരം കോടി ന്യൂറോൺസുകളെ തയ്യാറാക്കിവെച്ചാണ് ദൈവം നമ്മളെ ഈ ലോകത്തിലേക്ക് വിട്ടിരിക്കുന്നത്. ജനിക്കുമ്പോഴുള്ള ന്യൂറോണുകളുടെ എണ്ണമാണിത്. ഓരോ ന്യൂറോണും ഓരോ മൈക്രോ കംപ്യൂട്ടറാണ്. പതിനായിരം കോടി മൈക്രോ കംപ്യൂട്ടറുകളാണ് ജനിക്കുമ്പോഴുള്ളത്. നാം ഓരോരുത്തരും ഒരു സൂപ്പർ കംപ്യൂറട്ടാണ്. വേണമെങ്കിൽ മാഡം ക്യൂറിയാകാൻ സാധിക്കും. വേണമെങ്കിൽ ഐസക് ന്യൂട്ടൺ ആകാൻ സാധിക്കും. മഹാത്മാഗാന്ധിയാകാൻ സാധിക്കും. ഏബ്രഹാം ലിങ്കനാകാൻ സാധിക്കും... എന്ന് ഒരു സാറും ഒരു രക്ഷാകർത്താവും നമ്മോടു പറഞ്ഞിട്ടില്ല. ഇതു തിരിച്ചറിയുന്നില്ലായെങ്കിൽ ഒരു സാധാരണക്കാരനായി ജീവിച്ച് സാധാരണക്കാരനായി മരിക്കും.

ലോകത്തിലെ ഏറ്റവും സമ്പന്നമായ രണ്ടു രാജ്യമാണ് ചൈനയും ഇന്ത്യയും. ഇവിടെയാണ് ഏറ്റവും കൂടുതൽ കുട്ടികളുള്ളത്. ഏറ്റവും കൂടുതൽ ചെറുപ്പക്കാരുള്ളത്. ഏറ്റവും വലിയ സ്വപ്നം കാണാൻ ശേഷിയുള്ള ആളുകളുള്ളത്. എഴുപത്തിയാറുകാരനായ ഞാനാണോ സ്വപ്നം കാണേണ്ടത്. അല്ല. എന്നാൽ ഞാൻ കാണുന്ന സ്വപ്നം പോലും കാണാൻ കുട്ടികളായ നിങ്ങൾക്ക് കഴിയുന്നില്ല. നിങ്ങളുടെ മുഖം സുന്ദരമായിരിക്കുകയാണ്. എന്നെപ്പോലെ ചുളിവുവീണ മുഖമല്ല. എന്നാൽ നിങ്ങളുടെ ഉള്ളിൽ വൃദ്ധരാണ്. ഉള്ളിൽ വാർദ്ധക്യം പേറിയിരിക്കുന്ന ചെറുപ്പക്കാരാണ് ഇന്ത്യയുടെ ഏറ്റവും വലിയ ദുര്യോഗം. ഇതുപറഞ്ഞത് വിവേകാനന്ദനാണ്. യുവത്വമുള്ള ജനതയാണ് ഇന്ത്യക്കാവശ്യം.

ലോകത്തിലെ ഏറ്റവും വലി

**ലോകത്തിലെ ഏറ്റവും വലിയ ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുള്ള സൂപ്പർ സൂപ്പർ കംപ്യൂട്ടറിന്റെ കഴിവിന്റെ അനേകമടങ്ങ് കഴിവുള്ളവരാണ്. നാം ഒരു കുഞ്ഞിന്റെ വിരലിന്റെ അറ്റത്തിന്റെ കോംപ്ലിക്കേഷനില്ല ഒരു ബി.എം.ഡബ്ല്യു കാറിന്. നമ്മുടെ കൈയുടെ വഴക്കത്തിലുള്ള ഒരു കൃത്രിമ കൈ ഇതുവരേയും ഒരു ശാസ്ത്രജ്ഞനും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. അത്ര കോംപ്ളിക്കേറ്റഡാണ് അതിന്റെ ഡിസൈൻ. വിരലിന്റെ നീളവും അതു ചേർത്തുപിടിക്കാനുള്ള കഴിവും. എത്ര അസാധാരണമായ കഴിവുകളാണ് മനുഷ്യനിൽ ഉറങ്ങിക്കിടക്കുന്നതെന്ന് സങ്കല്പിക്കാൻ സാധിക്കില്ല.**

# കൊണ്ടുനടക്കേണ്ടുന്ന വലിയ സ്വപ്നം

യ ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുള്ള സൂപ്പർ സൂപ്പർ കംപ്യൂട്ടറിന്റെ കഴിവിന്റെ അനേകമടങ്ങ് കഴിവുള്ളവരാണ്. നാം ഒരു കുഞ്ഞിന്റെ വിരലിന്റെ അറ്റത്തിന്റെ കോംപ്ലിക്കേഷനില്ല ഒരു ബി.എം.ഡബ്ല്യു കാറിന്. നമ്മുടെ കൈയുടെ വഴക്കത്തിലുള്ള ഒരു കൃത്രിമ കൈ ഇതുവരേയും ഒരു ശാസ്ത്രജ്ഞനും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. അത്ര കോംപ്ളിക്കേറ്റഡാണ് അതിന്റെ ഡിസൈൻ. വിരലിന്റെ നീളവും അതു ചേർത്തുപിടിക്കാനുള്ള കഴിവും. എത്ര അസാധാരണമായ കഴിവുകളാണ് മനുഷ്യനിൽ ഉറങ്ങിക്കിടക്കുന്നതെന്ന് സങ്കല്പിക്കാൻ സാധിക്കില്ല. പക്ഷെ നമുക്കിതറിയാൻ പാടില്ല. സാൻഫ്രാൻസിസ്കോയിൽ ഒരു രോഗി ഡമൻഷ്യ ബാധിച്ച് മരിക്കാൻ കിടക്കുകയാണ്. ഒരു ദിവസം ഡോക്ടർമാർ ഇയാളെ പരിശോധിച്ചുകൊണ്ടിരുന്നപ്പോൾ എനിക്കൊരാഗ്രഹമുണ്ടെന്ന് അയാൾ ഡോക്ടർമാരോടു പറഞ്ഞു. ഒരു ബ്രഷും കുറച്ചു പെയിന്റും വാങ്ങിച്ചുതരുമോ, എനിക്ക് പടം വരയ്ക്കാൻ തോന്നുന്നു. ഇയാൾ വലിയൊരു ആർട്ടിസ്റ്റാണെന്ന് ഡോക്ടർമാർക്ക് ധാരണയുണ്ടായി. ബ്രഷും പെയിന്റ്സും വാങ്ങിക്കൊടുക്കാൻ നേഴ്സുമാരോടു പറഞ്ഞിട്ട് പോയി. ഒന്നുരണ്ടാഴ്ച കഴിഞ്ഞ് അതേ ഡോക്ടർമാർ വന്നു. മുറിയിൽ നിറയെ ചിത്രങ്ങളാണ്. മനോഹരമായ ചിത്രങ്ങൾ. ഇയാൾ പ്രശസ്തനായ ഒരു ആർട്ടിസ്റ്റാണെന്നു അവർ ഉറപ്പിച്ചു. ഇയാളുടെ കേസ് ഹിസ്റ്ററി പരിശോധിച്ചപ്പോൾ ഡോക്ടർമാർ ഞെട്ടിപ്പോയി. ഇയാൾ ജീവിതത്തിൽ ഇതുവരെ ചിത്രങ്ങൾ വരച്ചിട്ടില്ല. ചിത്രം വരച്ച ചരിത്രമില്ല. ഇപ്പോൾ മരിക്കാൻ കിടക്കുന്ന ഇയാൾ മനോഹരമായി ചിത്രം വരച്ചിരിക്കുന്നു. ഇതെങ്ങനെ സാധിച്ചു. ന്യൂറോ സയന്റിസ്റ്റുകൾ ഗവേഷണം നടത്തി. ഒടുവിലവർ കണ്ടുപിടിച്ചു ഇദ്ദേഹത്തിന്റെ തലച്ചോറിലെ ഒരു പ്രത്യേക ഭാഗത്തെ പ്രത്യേക കേന്ദ്രം തകർന്നതുകൊണ്ടാണ് ഇദ്ദേഹത്തിന് ഡമൻഷ്യ ബാധിച്ചത്. ആ പ്രത്യേക കേന്ദ്രം തകർന്ന സമയത്ത് ഓട്ടോമാറ്റിക്കായിട്ട് തലച്ചോറിലെ വേറൊരു കേന്ദ്രം ഉണർന്നു. അതെങ്ങനെയാണെന്ന് അവർക്കറിയില്ല. സുവിശേഷഭാഷയിൽ പറഞ്ഞാൽ വെളിപാട് എന്നു പറയാം. ഒരു കേന്ദ്രത്തിനു കേടു സംഭവിച്ചപ്പോൾ വേറൊരു കേന്ദ്രം അറിയാതെ ഉണർന്നുപോയി. എല്ലാം ഇലക്ട്രിക്കൽ സർക്യൂട്ടാണല്ലോ. അങ്ങനെ അറിയാതെ ഉണർന്ന കേന്ദ്രമാണ് ഒരു ചിത്രകാരനെ സൃഷ്ടിക്കുന്ന കേന്ദ്രം. അതുകൊണ്ട് ഇയാൾ അറിയാതെ കലാകാരനായി. അയാളുടെ തലയിൽ ചിത്രങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. പടം വരച്ചുകൊണ്ടിരിക്കുകയാണ്. ഒരു പരിശീലനവുമില്ലാതെ ഒരു ചിത്രകാരൻ ജനിച്ചു. ഈ സംഭവം വിവരിച്ചത് ലോകത്തിലെ ഏറ്റവും പ്രശസ്തനായ, ലോകത്തിലെ നമ്പർ വൺ ന്യൂറോ സയന്റിസ്റ്റാണ് ഡോ.വി.എസ്.രാമചന്ദ്രൻ. ഇദ്ദേഹം അമേരിക്കയിലെ ഒരു വലിയ സ്ഥാപനത്തിലെ ഡയറക്ടറാണ്. എന്നിട്ട് അദ്ദേഹം പറഞ്ഞു മനുഷ്യന്റെ മസ്തിഷ്കം മഹാസമുദ്രമാണ്, ആ മഹാസമുദ്രത്തിന്റെ തീരത്തു പോയി നിന്നിട്ടേയുള്ളൂ നാം. ഹ്യൂമൻ ബ്രെയിനെക്കുറിച്ച് നമുക്ക് വലിയ പിടിയൊന്നുമില്ല. അവ്യക്തമായ കുറേ സിദ്ധാന്തങ്ങൾ മാത്രമേയുള്ളൂ. നമ്മുടെ ന്യൂറോ സയന്റിസ്റ്റുകളോട് സ്വകാര്യമായി സംസാരിക്കുമ്പോൾ ഇത്രയൊക്കെയേ ഞങ്ങൾക്കറിയാവൂ എന്നു പറയും. ഈ മഹാപാരാവാരത്തിൽ നിന്നും ചില തുള്ളികൾ മാത്രമേ നാം എടുത്തിട്ടുള്ളു. ഇങ്ങനെ ഒരു മഹാസമുദ്രം ഉണ്ടെന്ന് നാം അറിയണ്ടേ? അസാധാരണമായ ശേഷിയുള്ള, അസാധാരണമായ സാധ്യതയുള്ള ഒരു പ്രതിഭ ഉറങ്ങുന്ന വലിയ സൃഷ്ടിയാണ് ഞാൻ എന്ന തിരിച്ചറിവുണ്ടാകുന്ന ഒരു കുട്ടിയാണ് പിൽക്കാലത്ത് വലിയ നിലയിൽ ആയിത്തീരുന്നത്. ചില പ്രത്യേക സന്ദർഭങ്ങളിൽ ഈ തിരിച്ചറിവുണ്ടാകും.

(തുടരും)

## മൃത്യുഞ്ജയം

**രാജീവ് ആലുങ്കൽ**

ഭൂതപ്രപഞ്ചത്തെ കണ്ടറിയാൻ എനി-
ക്കക്ഷരകണ്ണുതുറന്നാൽമതി.
ഭാവത്രിസന്ധ്യയിൽ ആരഭിപുണരുമൊ-
രീറക്കുഴൽപ്പാട്ടു മാത്രം മതി.

വേനൽക്കടലിന്റെ അക്കരേയ്ക്കെത്തുവാൻ
വേദനതന്നൊരീ ബിരുദംമതി.
വാക്കുകൾ നാക്കിൽ കൊടിയേറി നിൽക്കുമീ
വാസനാവൈഭവം മാത്രം മതി.

മുന്നിൽ മുടക്കം വരുമ്പോളെനിയ്ക്കൊരു
മുഴുതുള്ളിക്കണ്ണീരിൻ ധ്യാനം മതി.
മൂന്നിഴപൂണൂലായ് എന്നകം പുണരുന്ന
മൗനതൃവേണിയിൽ സ്നാനം മതി.

മൃത്യുഞ്ജയത്തിന് എന്റെ മനസ്സാക്ഷി
മന്ത്രാക്ഷരമായി വിരിഞ്ഞാൽ മതി
ചന്ദനം കസ്തൂരി ചേർത്തുചാലിയ്ക്കുമീ
ചിന്തയിൽ തെളിയും ഗുരുത്വം മതി.

### ജൂൺദിനങ്ങൾ

05- ലോകപരിസ്ഥിതിദിനം
14- ലോകരക്തദാനദിനം
19- വായനദിനം
21- ലോകസംഗീതദിനം
26- ലോകമയക്കുമരുന്നു വിരുദ്ധദിനം

**സ്മരണകൾ**

02-കോവിലൻ (1923-2010)
08- ഡോ.കെ.ഭാസ്കരൻ നായർ (1913-1982)
11- പാലാനാരായണൻനായർ (1911-2008)
15- ഉള്ളൂർ (1877-1949)
17- ചങ്ങമ്പുഴ കൃഷ്ണപിള്ള (1911-1948)
18- എ.ആർ.രാജരാജവർമ്മ (1863-1918)
29- ഡോ.കെ.ഗോദവർമ്മ (1902-1952)



# സംഗീത നാടക അക്കാദമിയിലേക്ക്

ഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 1962ൽ എം.എ.കല്യാണകൃഷ്ണഭാഗവതർക്കാണ് സംഗീതത്തിനുള്ള ആദ്യ അവാർഡ് ലഭിക്കുന്നത്. കഥകളിയ്ക്ക് ഗുരു ചെങ്ങന്നൂർ രാമൻപിള്ള (1962), നാടകത്തിന് മാവേലിക്കര പൊന്നമ്മ (1962), കൂത്ത്-കൂടിയാട്ടത്തിന് അമ്മന്നൂർ ചാച്ചു ചാക്യാർ (1964), കഥാപ്രസംഗത്തിന് സത്യദേവൻ (1966), നൃത്തത്തിന് ഗുരു ഗോപിനാഥ് (1966), കലാവാദ്യത്തിന് *അന്നമനട* അച്യുതമാരാർ (1969), കേരളീയ കലയ്ക്ക് ചന്തു പെരുവണ്ണാൻ (1969), മോഹിനിയാട്ടത്തിന് പി.ചിന്നമ്മ അമ്മ(1972), ലൈറ്റ് മ്യൂസിക്കിന് തോപ്പിൽ ആന്റോ (1972), ഭരതനാട്യത്തിന് കലാമണ്ഡലം കേശവൻ കുട്ടി (1975), കൃഷ്ണനാട്ടത്തിന് എ. ഗോപാലൻനായർ (1975), പ്രക്ഷേപണകലയ്ക്ക് ടി.പി. രാധാമണി(1975), സോപാന സംഗീതത്തിന് ഞെരളത്ത് രാമപ്പൊതുവാൾ(1981), മാജിക്കിന് ഗോപിനാഥ് മുതുകാട്(1995), മിമിക്രിക്ക് കോട്ടയം നസീർ(2010) എന്നിവർ ആദ്യ അവാർഡുകൾക്ക് അർഹരായി.

അക്കാദമി വിവിധ എൻഡോവ്മെന്റ് അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പി.കൃഷ്ണപിള്ള മെമ്മോറിയൽ എൻഡോവ്മെന്റ് 1976ലും, സി.ഐ.പരമേശ്വരൻപിള്ള മെമ്മോറിയൽ എൻഡോവ്മെന്റ് 1981ലും, ട്രിച്ചൂർ പി.രാഘവൻ മെമ്മോറിയൽ അവാർഡ് 1981ലും, പുതുക്കോട് കൃഷ്ണമൂർത്തി എൻഡോവ്മെന്റ് 1987ലും, തൃപ്പൂണിത്തുറ പെർഫോമൻസ് ആർട്സ് സെന്റർ എൻഡോവ്മെന്റ് 1991ലും, സി.അമ്മാളു അമ്മ എൻഡോവ്മെന്റ് 1993ലും, കൊട്ടാരം ശങ്കുണ്ണിനായർ മെമ്മോറിയൽ എൻഡോവ്മെന്റ് 2001ലും, ടി.പി.സുകുമാരൻ മെമ്മോറിയൽ എൻഡോവ്മെന്റ് 2005ലും പി.കെ. കാളൻ എൻഡോവ്മെന്റ് 2007 ലും, എ.എസ്.എൻ. നമ്പീശൻ സ്മാരക എൻഡോവ്മെന്റ് 2007ലും ആരംഭിച്ചു. കൂടാതെ പ്രവാസി ഇന്ത്യ കലാശ്രീ പുരസ്കാരങ്ങളും (12 പേർക്ക്) പ്രവാസി ഗൾഫ് പുരസ്കാരങ്ങളും(3 പേർക്ക്) നൽകുന്നുണ്ട്. അമേച്വർ നാടക മത്സരങ്ങളും പ്രൊഫഷണൽ നാടകമത്സരങ്ങളും പ്രവാസി അമച്വർ നാടക മത്സരങ്ങളും നടത്തുന്നുണ്ട്.

ലോകമെമ്പാടുമുള്ള നാടകാസ്വാദകരുടെയും ഗവേഷകരുടെയും നാടകസംഘങ്ങളുടെയും സംഗമവേദിയായിട്ടാണ് 2008 മുതൽ അന്താരാഷ്ട്ര നാടകോത്സവങ്ങൾ ദേശിയതലത്തിൽ നടത്തിവരുന്നത്. ഇതുപോലെ തന്നെ സംഗീതോത്സവവും നൃത്തോത്സവവും നടത്തുന്നുണ്ട്. നാടൻ കലകളെയും പാരമ്പര്യ കലകളെയും സംരക്ഷിക്കുന്നതിനായി വിപുലമായ പദ്ധതികളാണ് നടത്തിയിട്ടുള്ളത്. നാശോന്മുഖമായ ഒട്ടേറെ കലകൾ ഓഡിയോ വീഡിയോ സി.ഡികളിലാക്കി സംരക്ഷിച്ചിട്ടുണ്ട്.

അക്കാദമിക്ക് ഒരു പ്രസിദ്ധീകരണവകുപ്പുണ്ട്. ആദ്യം പ്രസിദ്ധീകരിച്ച കൃതി സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവതരുടെ നാടകസ്മരണകളാണ്. ഇതിനോടകം അറുപതോളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കലാമണ്ഡലം കൃഷ്ണൻനായരുടെ നളചരിതം ആട്ടപ്രകാരം, വൈക്കം ചന്ദ്രശേഖരൻനായരുടെ രംഗപ്രവേശം, ജി.വേണുവിന്റെ കഥകളിയിലെ കൈമുദ്രകൾ, ലേഖന സമാഹാരമായ തിയേറ്റർ ഇന്ത്യ, മൂർക്കനാട് ദിനേശന്റെ തായമ്പക ഒരു അനവദ്യ വാദ്യകല, കേരളത്തിലെ ലാസ്യപ്പെരുമ തുടങ്ങിയ കൃതികൾ ആ വിഷയങ്ങളുമായി ബന്ധപ്പെട്ട ആധികാരിക കൃതികളാണ്. എൻ.എൻ.പിള്ള, വി.ടി.ഭട്ടതിരിപ്പാട്, ഞെരളത്ത് രാമപ്പൊതുവാൾ, സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവർ, ആർട്ടിസ്റ്റ് പി.ജെ.ചെറിയാൻ, പി.ജെ. ആന്റണി, ഓച്ചിറ വേലുക്കുട്ടിനായർ തുടങ്ങിയ ജീവചരിത്രകൃതികളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരള സംഗീത നാടക അക്കാദമിക്ക് വിപുലമായ സി.ഡി ശേഖരമുണ്ട്. പടയണിപ്പാട്ട്, ജുഗൽബന്ധി, ചെണ്ട, പൂരം, സംഗീതക്കച്ചേരി, കഥകളിപ്പാട്ട്, അഷ്ടപതി തുടങ്ങിയവയുടെ ശേഖരവും നാടകം, കഥകളി തുടങ്ങിയവയുടെ പരിശീലനവും സെമിനാറുകളും ഉൾപ്പെടുന്ന വീഡിയോ സീഡിയും ശേഖരത്തിൽ ഉൾപ്പെടുന്നു. ഡോ.ഓമനക്കുട്ടി പാടിയ സ്വാതിതിരുനാൾ കൃതികളുടെ സി.ഡിയും ചെമ്പൈ വൈദ്യനാഥഭാഗവതരുടെ സംഗീതക്കച്ചേരികളുടെയും സി.ഡികൾ ഇവയിൽ അമൂല്യങ്ങളാണ്.

കലാകാരന്മാർക്കും കലാപ്രവർത്തകർക്കും ഗവേഷകർക്കും മാത്രം അനുവദിച്ചിട്ടുള്ള കോട്ടേജാണ് സി.എൻ. ശ്രീകണ്ഠൻനായർ ഗസ്റ്റ് ഹൗസ്. കലാപരിപാടികൾ നടത്തുന്നതിനായി 'തുറസ്സരങ്ങ്'ണ്ട്. നടൻ മുരളിയുടെ സ്മരണക്കായിട്ടാണ് തുറസ്സരങ്ങ് നിർമ്മിച്ചിട്ടുള്ളത്. ഇതു കൂടാതെ ടെന്റ് തിയേറ്ററുമുണ്ട്. സെമിനാറുകൾ, മീറ്റിങ്ങുകൾ എന്നിവ നടത്തുന്നത് വൈക്കം ചന്ദ്രശേഖരൻനാർ സ്മാരക സെമിനാർ ഹാളിലാണ്. പ്രൊഫഷണൽ, അമേച്വർ നാടകങ്ങളും നൃത്തം എന്നിവയുടെ പ്രാഥമിക പരിശീലനം നടത്തുന്നത് പ്രൊഫ.എസ്.ഗുപ്തൻനായർസ്മാരക ഹാളിലാണ്.

കുട്ടികൾക്ക് കലാപരിശീലനത്തിന് അക്കാദമി ധനസഹായവും ഒരു വർഷത്തെ കാലാവധിയ്ക്കുള്ളിലുള്ള സ്റ്റൈപ്പന്റും നൽകുന്നു. പ്രായപരിധി പതിനേഴുവയസ്സുവരെയാണ്. പ്രതിവർഷം 125 കുട്ടികളെവരെ ഇതിനായി തെരഞ്ഞെടുക്കുന്നുണ്ട്. കർണ്ണാടക സംഗീതത്തിൽ വായ്പാട്ടും, വാദ്യസംഗീതവും, നൃത്തവിഭാഗത്തിൽ ഭരതനാട്യം, മോഹിനിയാട്ടം, കേരള നൃത്തം എന്നീ കലാപരിശീലനത്തിനുമാത്രമേ സ്റ്റൈപ്പന്റ് നൽകുന്നുള്ളൂ. കേരളത്തിലെ സർവ്വകലാശാലകളിൽ ബി.ടി.എ/എം.ടി.എ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുന്നുണ്ട്.

ഇപ്പോഴത്തെ ചെയർപേഴ്സൺ നടനപ്രതിഭയായ കെ.പി.എ.സി.ലളിതയാണ്. സേവ്യർ പുൽപ്പാട്ട് വൈസ് ചെയർമാനായും എൻ.രാധാകൃഷ്ണൻ നായർ സെക്രട്ടറിയായും പ്രവർത്തിക്കുന്നു.

കേരള സംഗീത നാടക അക്കാദമി അറുപതാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. കേരളത്തിന്റെ പൈതൃകവും പാരമ്പര്യവും പരിപോഷിപ്പിക്കുന്ന ഒട്ടേറെ കലാരൂപങ്ങളുടെ സംരക്ഷണ കേന്ദ്രം എന്ന നിലയിൽ ഇനിയും ഒട്ടേറെ പദ്ധതികൾ അക്കാദമിക്ക് വജ്രജൂബിലി ആഘോഷത്തിന്റെ ഭാഗമായി നടപ്പിലാക്കുവാനുണ്ട്.

സുവർണ്ണഗീതങ്ങൾ





ടി.പി.ശാസ്തമംഗലം

# മാനസമണിവിപഞ്ചികാവാദിനി

**അ**ത്യന്തം ലളിതകോമളപദങ്ങളാൽ പാട്ടുകൾ എഴുതിയിരുന്ന കവിയാണ് പി.ഭാസ്കരൻ. ആദ്യശ്രവണമാത്രയിൽതന്നെ അദ്ദേഹത്തിന്റെ വരികൾ നമ്മുടെ മനസ്സിൽ പതിയാൻ ഒരു കാരണം അതാണ്. അത്തരം വരികളിലൂടെ അദ്ദേഹം സഹൃദയഹൃദയങ്ങളിൽ ആശയത്തിന്റെ പുതിയ പുതിയ വിത്തുകൾ മുളപ്പിച്ചു. അന്യഭാഷകളിലെ സംഗീതത്തിന്റെയും സാഹിത്യത്തിന്റെയും ഉച്ഛിഷ്ടം മാത്രം ഭുജിക്കാൻ വിധിക്കപ്പെട്ടിരുന്ന മലയാളികൾക്ക് തനി കേരളീയവിഭവങ്ങൾ വിളമ്പി അദ്ദേഹം മാതൃക കാട്ടി.

ഇത് ഒരു വശം. എന്നാൽ അപൂർവ്വം ഗാനങ്ങളിൽ അദ്ദേഹം അത്ര സാധാരണമല്ലാത്ത വാക്കുകളും പ്രയോഗിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ പറഞ്ഞാൽ 'എന്റെ സ്വപ്നത്തിൻ താമരപ്പൊയ്കയിൽ' (ചിത്രം അച്ചാണി) എന്ന ഗാനത്തിന്റെ കാര്യം തന്നെയെടുക്കുക. അതിൽ കടന്നുവന്ന 'രസാലവനം' (എന്റെ ഭാവനാരസാലവനത്തിൽ' എന്ന വരി ശ്രദ്ധിച്ചിട്ടില്ലേ? രസാലം തേന്മാവാണ്. സാധാരണക്കാർക്ക് പെട്ടെന്ന് പിടികിട്ടുന്നതല്ലല്ലോ ഈ പ്രയോഗം. അതുപോലെ, 'ഭാരതമെന്നാൽ പാരിൽ നടുവിൽ' (ചിത്രം- ആദ്യകിരണങ്ങൾ) എന്ന ഗാനത്തിലെ 'തുഷ്ടി' (തുഷ്ടിതുളുമ്പും ജീവിതധർമ്മം' എന്ന വരി) അങ്ങനെയങ്ങു മനസ്സിലാവുകയില്ല. (തുഷ്ടി= സന്തോഷം; തൃപ്തി). 'സ്വർഗ്ഗഗായികേ ഇതിലേയിതിലേ' (ചിത്രം മൂലധനം) എന്ന ഗാനത്തിലെ 'നവനീതദല'വും ('നവനീതദലം വാരിത്തൂകി'എന്ന വരി) ഈ വിഭാഗത്തിൽപ്പെടും. (നവനീതം= പുതിയ വെണ്ണ) എന്നാൽ ഒരു ഗാനം തന്നെ അത്ര സാധാരണമല്ലാത്ത പദങ്ങളിൽ രചിച്ചിട്ടുണ്ട് പി. ഭാസ്കരൻ. ചിത്രം- അണിയറ.

*അനഘസങ്കല്പഗായികേ-*
*മാനസ-*
*മണിവിപഞ്ചികാവാദിനീ-*
*നിന്നുടെ*
*മൃദുകരാംഗുലസ്പർശനാലിംഗന-*
*മദലഹരിയിലെന്റെ കിനാവുകൾ*

ഏറ്റവും അത്ഭുതകരമായ വസ്തുത പി.ഭാസ്കരൻ എഴുതിയ ലാളിത്യമാർന്ന അനേകം ഗാനങ്ങൾക്കൊപ്പം ഇതും ജനപ്രീതിയിൽ മുന്നിട്ടു നില്ക്കുന്നു എന്നതത്രേ. സംസ്കൃതം സാമാന്യജനത്തിന് അന്യം നില്ക്കുന്ന ഭാഷയായിട്ടുപോലും യൂസഫലി കേച്ചേരി എഴുതിയ സംസ്കൃത ഗാനങ്ങൾ എല്ലാവരാലും സ്വീകരിക്കപ്പെട്ട നാടാണിത്. അതിൽനിന്ന് നാം മനസ്സിലാക്കേണ്ടത് സംഗീതത്തിന്റെ അകമ്പടിയുണ്ടെങ്കിൽ കഠിനപദങ്ങൾ കടന്നുവന്നാലും അത് മധുരമായി അനുഭവപ്പെടും എന്നാണ്.

നായികയെ രണ്ടുവിധത്തിൽ സംബോധന ചെയ്തുകൊണ്ടാണ് പി.ഭാസ്കരൻ ഗാനമാരംഭിച്ചിരിക്കുന്നത്. അവൾ ഒരേസമയം ഗായികയും വീണാവാദിനിയുമാണ്. അനഘ എന്ന വിശേഷണപദത്തിന് പാപമില്ലാത്ത, കുറ്റമില്ലാത്ത, വിശിഷ്ടമായ, സുന്ദരമായ എന്നൊക്കെയാണ് അർത്ഥം. തന്റെ സങ്കല്പഗായികയ്ക്ക് ഇവയെല്ലാം ചേരും എന്നതിനാലാണ് പി.ഭാസ്കരൻ ആ പദം (അനഘ) കൊണ്ട് ഗാനം തുടങ്ങിയത്. നായിക സങ്കല്പത്തിലുള്ളവളാണെന്നു വരുമ്പോൾ അതിനു കാവ്യപരമായ മേന്മ വർദ്ധിക്കുന്നു. കവിയും കാമുകനും ഒന്നായിത്തീരുന്ന അനർഘാവസരമാണത്. മനസ്സാകുന്ന മണിവിപഞ്ചികയാണ് അവൾ മീട്ടുന്നത് എന്നു പറഞ്ഞിടത്തും കവിതയുടെ പൊൻതിളക്കം കാണാം. അവളുടെ മൃദുവായ കൈവിരൽ സ്പർശനത്തിന്റെ ആലിംഗനത്താൽ നായകന്റെ കിനാവുകൾ മദലഹരിയിൽ ആറാടുകയാണ്. പ്രണയത്തിന് വശംവദനായ നായകന്റെ ചിന്തകളിൽ നിന്നുരിത്തിരിഞ്ഞ ആത്മഭാഷണമാണ് ആ ഗാനം. കവിതയുടെ കൈച്ചാലിലൂടെ ഗാനത്തെ ഒഴുക്കിവിട്ടിരിക്കുന്നു പി.ഭാസ്കരൻ.

*മുഖപടവും മുലക്കച്ചയും മാറ്റി*
*സുഖദനർത്തനം ചെയ്യുന്നു ചുറ്റിലും*
*തരളമാനസമായാമരാളിക*
*തവമനോഹരഗാനയമുനയിൽ*

പല്ലവിയിൽ എന്തു പറഞ്ഞു അവസാനിപ്പിച്ചുവോ അതിന്റെ തുടർച്ചയാണ് ഈ അനുപല്ലവി. മുഖപടവും മുലക്കച്ചയും മാറ്റി സുഖദനർത്തനം (സുഖം പകരുന്ന നൃത്തം) ചുറ്റിലും ചെയ്യുന്നത് നായകന്റെ കിനാവുകൾ തന്നെയാണ്. കിനാവുകൾക്ക് മറ്റൊരു പരിവേഷം നല്കിയിരിക്കുകയാണ് കവി. നായിക ഗായികയും വീണാവാദനത്തിൽ നിപുണയുമാണെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. അവളുടെ മനോഹരമായ ഗാനയമുനയിൽ നായകന്റെ തരളമായ മാനസമായ മരാളിക നീന്തിത്തുടിക്കുകയാണ്.

ഓരോ പ്രയോഗത്തിനും വിശേഷണം നല്കിക്കൊണ്ടാണ് പി.ഭാസ്കരൻ ഈ ഗാനം രചിച്ചിട്ടുള്ളത്. അത് അദ്ദേഹം മനഃപൂർവ്വം സ്വീകരിച്ച രചനാരീതിയാകാം. പക്ഷേ, വിശേഷണങ്ങളൊന്നും ഗാനത്തിൽ മുഴച്ചുനില്ക്കുന്നില്ല. മറിച്ച്, ഓരോ ബിംബവും കൂടുതൽ ചേതോഹരമാക്കാൻ അവ ഉപകരിക്കുന്നുമുണ്ട്. ഏതുവിധത്തിലുള്ള ഗാനവും തന്റെ തൂലികയ്ക്ക് വഴങ്ങുമെന്ന് നമ്മെ ബോധ്യപ്പെടുത്തുകയാണ് പി.ഭാസ്കരൻ എന്ന കഴിവുറ്റ കവി.

*സമയതീരത്തിൽ ബന്ധനമില്ലാതെ*
*മരണസാഗരം പൂകുന്നനാൾവരെ*
*ഒരു മദാലസ നിർവൃതീബിന്ദുവായ്*
*ഒഴുകുമെങ്കിലോ ഞാൻ നിതൃതൃപ്തനായ്*

ഇവിടെയും കവിതയുടെ വഴിഞ്ഞൊഴുകൽ കാണാം. മരണം വരെ നായികയോടൊപ്പം കഴിയാൻ സാധിച്ചാൽ അതാണ് ഏറ്റവും വലിയ നിർവൃതിയെന്നു നായകനെക്കൊണ്ട് പറയിപ്പിച്ചിരിക്കുകയാണ് കവി. അതിനുവേണ്ടി അദ്ദേഹം ഗാനത്തിൽ കൊണ്ടുവന്ന വരികൾ എത്ര കാവ്യാത്മകമാണെന്നു നോക്കുക. സമയതീരവും മരണസാഗരവും അതുവരെ കേൾക്കാത്ത പ്രയോഗങ്ങൾ. ബന്ധനമില്ലാതെ പൂകുന്ന നാൾവരെ എന്നു പറഞ്ഞിടത്ത് വിധി അനുവദിക്കുന്നതുവരെ എന്ന സൂചനയുണ്ട്. നിർവൃതിയെ ബിന്ദുവാക്കിയതും മദാലസ എന്ന പരിവേഷം നല്കിയതും പി.ഭാസ്കരന്റെ പ്രത്യഗ്രകല്പനയാണെന്നു പറയാം. പൊതുവെ ശൃംഗാരരസത്തോട് അത്ര ആഭിമുഖ്യമുള്ള കവിയല്ല അദ്ദേഹം. എങ്കിലും ഈ ഗാനത്തിൽ അടിയൊഴുക്കായി രസരാജൻ വർത്തിക്കുന്നുണ്ട്.

പ്രത്യേക ശൈലിയിൽ പി. ഭാസ്കരൻ എഴുതിയ ഈ ഗാനത്തിന് സംഗീതസംവിധായകരിൽ മുടിചൂടാമന്നനായ ദേവരാജൻ ശങ്കരാഭരണരാഗത്തിലുള്ള ഈണമാണ് കൊടുത്തിരിക്കുന്നത്. പ്രാചീന തമിഴ് സംഗീതത്തിലെ പഴംപഞ്ജൂരം, ഹിന്ദുസ്ഥാനി സംഗീതത്തിലെ ബിലാവൽഥാട്ട്, പാശ്ചാത്യസംഗീതത്തിലെ മേജർ സ്കെ യിൽ എന്നിവയെല്ലാം ശങ്കരാഭരണത്തിന് സമാനമായ രാഗങ്ങളാണ്. ശൃംഗാരരസം ഉളവാക്കാൻ ഈ രാഗത്തിനു കഴിവുണ്ടെന്നു മനസ്സിലാക്കിയിട്ടാവണം ചലച്ചിത്രഗാനസംഗീതത്തതിൽ പല ഘടകങ്ങളും പരിഗണിക്കുന്ന ദേവരാജൻ ഈ രാഗം തന്നെ ഉപയോഗിക്കാമെന്നു കരുതിയത്. ഏതു സംഗീതസംവിധായകന്റെയും സ്വപ്നം സാക്ഷാത്കരിക്കുന്ന യേശുദാസ് ഈ ഗാനത്തിലും തന്റെ പ്രാഗല്ഭ്യം ആലാപനത്തിലൂടെ വെളിവാക്കി 'അണിയറ' എന്ന ചിത്രം അമ്പേ പരാജയമായിരുന്നെങ്കിലും ഈ ഗാനം നിത്യഹരിതമായി മാറി.

---

## ഉള്ളൂർ എസ്. പരമേശ്വരയ്യർ
**(1857-1949)**

ഇരുപതാംനൂറ്റാണ്ടിലെ മലയാളകവിതയിലെ യുഗസ്രഷ്ടാക്കളിലൊരാളാണ് ഉള്ളൂർ. ഉയർന്ന ഔദ്യോഗികപദവികൾ വഹിക്കുന്നതിനിടയിലും ഭാഷാപോഷണത്തിനായി ആ ജീവിതം സമർപ്പിക്കുകയായിരുന്നു. സ്കൂൾ അദ്ധ്യാപകനായിരിക്കെ സർക്കാർ സർവ്വീസിൽ പ്രവേശിച്ചു. സർവ്വീസ് കാലയളവിൽ ബി.എല്ലും തമിഴിലും മലയാളത്തിലും എം.എ. ബിരുദങ്ങളും നേടി. 1910ൽ മുൻസിഫായി. ലാൻഡ് റവന്യു കമ്മീഷനായിരിക്കെ ഔദ്യോഗികജീവിതത്തിൽ നിന്നും വിരമിച്ചു. കേരളവർമ വലിയകോയിത്തമ്പുരാനുമായുള്ള സൗഹൃദം ഉള്ളൂരിന്റെ കാവ്യസപര്യയെ വളർത്തി. കർണഭൂഷണം, പിംഗള, ചിത്രശാല, ഭക്തിദീപിക, ചിത്രോദയം, കാവ്യചന്ദ്രിക, ഉമാകേരളം (മഹാകാവ്യം) ഉൾപ്പെടെ ഒട്ടേറെ കൃതികൾ. കേരളസാഹിത്യചരിത്രം (അഞ്ചുഭാഗങ്ങൾ) അദ്ദേഹത്തിന്റെ മരണശേഷം കേരളസർവ്വകലാശാല പ്രസിദ്ധീകരിച്ചു. 1949 ജൂൺ 15ന് അന്തരിച്ചു.

*68-ാംജന്മവാർഷികം ജൂൺ 15*

## മഹാകവി ഉള്ളൂർ
**ചേപ്പാട് ഭാസ്കരൻനായർ**

**പ**ണ്ഡിതാഗ്രിമനായ് സർവ-
സുസമ്മതൻ മഹാകവി
കൈരളിക്കായ് സമർപ്പിച്ചു
കാവ്യം, കാവ്യചരിത്രവും.
കുട്ടിക്കവിതയൊട്ടേറെ
രചിച്ചൂ ലാളിത്യമോടെ
വലിയോർക്കാസ്വദിക്കാനും
വകയുണ്ടതിൽ ഉത്തമം.
'ഉമാകേരള'വും പിന്നെ
'ചിത്രോദയ'വും അങ്ങനെ
'കിരണാവലിയും കർണ-
ഭൂഷണം'- കൃതിയേറയാം.
കേരളത്തിന്റെ സാഹിത്യ
ചരിത്രം സത്യനിഷ്ഠമായ്
ഉള്ളൂർ രചിച്ചതെന്നും
നമുക്കു വഴികാട്ടി താൻ
കവിയായ് പണ്ഡിതനായി
ഇന്നും വാഴ്ത്തുന്നു നാമെല്ലാം

## ജാതകം
**രാജൻ കൈലാസ്**

ദുരിതനക്ഷത്രരാശിയിൽ തന്നെയാം
കവിയൊരുത്തൻ ജനിക്കുന്നു നിർണ്ണയം
അമിതവേധ നക്ഷത്രങ്ങളൊക്കെയും
കുപിതരായ് വേട്ടയാടുന്ന വീഥിയിൽ
ശനി പിഴയ്ക്കുന്നു.... രാഹുവും കേതുവും
കലിയെടുക്കുന്നു.... വഴിമുടക്കീടുന്നു.
ഗുളികനെപ്പോഴും കൂട്ടിനുണ്ടാകയാൽ
ഗതിപിടിക്കാതനർത്ഥങ്ങൾ പെയ്യുന്നു.
കേസരീയോഗമെങ്കിലും ഭിക്ഷുവായ്
കർമ്മശിക്ഷയ്ക്കു കാലം വിധിക്കുന്നു.
ഒരു പൊരുത്തവും നോക്കാതൊരുത്തിയാ
പുരയകത്തേ പൊറുക്കുന്നുവെങ്കിലും
പതിയിരിക്കയാണേഴിലെ ചൊവ്വയും
ചതിയൊരുക്കി ചിരിക്കുന്ന വ്യാഴവും.
അക്ഷരത്തിന്റെ വൈഡൂര്യമുക്തകം
കൂട്ടിവയ്ക്കും കുബേരനാകുമ്പൊഴും
കാലദേശങ്ങൾ വെല്ലും ഋഷീശ്വര-
ശൃംഖലയിലെ കണ്ണിയാകുമ്പൊഴും
നിസ്വനാണയാൾ ഇപ്രപഞ്ചത്തിലെ
നിഗ്രഹങ്ങളിൽ നെഞ്ചുപൊട്ടുന്നവൻ.
കുഞ്ഞുപൂവാം കുരുന്നിൽ നിരാലംബ-
നിസ്വനങ്ങളെ കാതോർത്തു നിൽപ്പവൻ.
മൗനിയാകിലും നേരിന്റെ നെറ്റിയിൽ
കവിത കത്തിച്ചു കാവൽ നിൽക്കുന്നവൻ.

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.